إدارة الأوقاف
صالح عبدالعزيز الراجحي

# ജിന്ന്
# സിഹ്ര്
# ജ്യോത്സ്യം
# ഇസ്ലാമിക വീക്ഷണം

ശൈഖ് അബ്ദുൽ അസീസ് ബിൻബാസ്

مطبعة دار طيبة، الرياض، ت ٤٩٨٣٨٤٠

NOT FOR SALE

# ജിന്ന്
# സിഹ്ർ
# ജ്യോത്സ്യം
# ഇസ്‌ലാമിക വീക്ഷണം

ശൈഖ് അബ്ദുൽ അസീസ് ബിൻബാസ്

പ്രസിദ്ധീകരണം:
**ബിൻബാസ് പബ്ലിക്കേഷൻസ്**
അൻവാർനഗർ, കുനിയിൽ
അരീക്കോട്.

Jinnu, Sihr, Jolsyam-Islamika Veekshanam (Malayalam)

| | | |
|---|---|---|
| Author | : | Seikh Abdul Aziz, Abdulla binbaz |
| Translation | : | Fazlullah Ansari |
| Publishers | : | binbas publications<br>Ansar Nagar, Kuniyil,<br>Areacode-673 639,<br>Malappuram(Dt) |
| First edition | : | May-2000 |
| Cover design | : | Babu- Cyber vision, Mji. |
| Printing | : | Calicut Offset, Mjl. |

Rights with the publishers


| | | |
|---|---|---|
| Price | : | Rs.15.00 |

## രണ്ടു വാക്ക്...

ജിന്ന്, ശൈത്താൻ തുടങ്ങിയ സംജ്ഞകളെ കുറിച്ചുള്ള മനുഷ്യന്റെ അറിവ് വളരെ പരിമിതമാണ്. ദൃഷ്ടി ഗോചരമല്ലാത്ത രണ്ട് വർഗങ്ങളായതിനാലാവണം അവയെക്കുറിച്ചുള്ള അവ്യക്തതകൾ എക്കാലത്തും നിലനിന്നുപോന്നിട്ടുള്ളത്. വിശുദ്ധ ഖുർആനും തിരുസുന്നത്തും ഏതാനും സൂചനകൾ നൽകിയതിന്റെ വെളിച്ചത്തിൽ മുൻകാലപണ്ഡിതൻമാർ പ്രസ്തുത വിഷയങ്ങളിൽ ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ലക്ഷ്യ സാഫല്യത്തിനായി ജ്യോത്സ്യം, മാരണം, ജാതകം, കണക്കുനോട്ടം, മാന്ത്രിക ഏലസ്സുകൾ, സിദ്ധൻമാർ, തുടങ്ങിയ അഭയ സങ്കേതങ്ങൾ കണ്ടെത്തുന്നവരുടെ എണ്ണം ദിനേന വർദ്ധിച്ചുവരുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലെ ദിനപത്രങ്ങളുടേയും, മാസികകളുടേയും പേജുകൾ അവക്കുവേണ്ടി നീക്കിവെക്കുന്നു. ഇവയെല്ലാം ഒരു ഭാഗത്ത്, മറുഭാഗത്ത് 'സിഹ്ർ' എന്ന മാസ്മരിക ലോകവും, കൺകെട്ട്, ജാലവിദ്യ, ഗൂഢശാസ്ത്രം, ഹിപ്നോട്ടിസം, മെസ്മരിസം എന്നിവയെല്ലാം അവയുടെ ഉപോൽപന്നങ്ങളത്രെ.

അവയുടെയെല്ലാം യാഥാർത്ഥ്യങ്ങളിലേക്കുള്ള ഒരു ചൂണ്ടുപലക മാത്രമാണ് ഈ ലഘു കൃതി. ഗ്രന്ഥകാരന്റെ അനുഭവങ്ങളും മുൻകാല പണ്ഡിതരുടെ വചനങ്ങളും ചില സന്ദർഭങ്ങളിലും തെളിവായി ഉദ്ധരിച്ചിട്ടുണ്ട്.

ഭൂതബാധയും ജിന്നുസേവയുമെല്ലാം [illegible] ആളുകൾക്കിടയിലുള്ള അന്ധവിശ്വാസങ്ങൾ മാത്രമായി ഗണിക്കപ്പെടുന്നു. വിഷയത്തിന്റെ നിഗൂഢതകളെ ചൂഷണം ചെയ്ത് പലരും ഉപജീവനം നടത്തുന്നു. നിഷ്കളങ്കരായ പാമരജനങ്ങൾ അറിഞ്ഞോ അറിയാതെയോ അവരുടെ ചൂഷിത വലയത്തിൽ അകപ്പെടുന്നു.

വിടപറഞ്ഞ നൂറ്റാണ്ടിൽ മുസ്ലിം ലോകത്തെ തേജോമയമാക്കിയ അപൂർവ്വ വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു മർഹൂം ശൈഖ് അബ്ദുല്ലാ ബിൻബാസ്. സൽപന്ഥാവിലേക്ക് പ്രഭ ചൊരിഞ്ഞുകൊണ്ട് അദ്ദേഹം ചെറുതും വലുതുമായ ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ حكم السحر والكهانة وما يتعلق بهما എന്ന ലഘു കൃതിയാണ് 'ജിന്ന്, സിഹ്ർ, ജോത്സ്യം' എന്ന പേരിൽ ഞങ്ങൾ വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്നത്. ഇംഗ്ലീഷ്, ഫ്രഞ്ച്, ഉർദു തുടങ്ങിയ ഭാഷകളിലേക്ക് വർഷങ്ങൾക്ക് മുമ്പ് തന്നെ ഈ കൃതി ഭാഷാന്തരം ചെയ്തിട്ടുണ്ട്.

അഹ്ലുസ്സുന്ന വൽജമാഅയുടെ വിശ്വാസാചാരങ്ങൾക്ക് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ വേരോട്ടം ലഭിച്ച മണ്ണാണ് കേരളക്കര. അഹ്ലുസ്സുന്ന വൽജമാഅത്തിന്റെ ആദർശങ്ങളിൽ, സലഫീ ചിന്താധാരയുടെ ശീതളച്ഛായയിൽ ഇസ്ലാമിക നവോത്ഥാനത്തിന് നായകത്വം നൽകിയ യുഗപുരുഷന്റെ ഈ കൃതി സഹൃദയരുടെ മുമ്പിൽ സമർപ്പിക്കട്ടെ.

ഈ കൃതി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത് ജ: കെ.ടി.ഫസ്ലുല്ല അൻവാരിയാണ്. മാന്യ വായനക്കാരുടെ പ്രതികരണം പ്രതീക്ഷിക്കുന്നു. സത്യത്തെ അനുധാവനം ചെയ്യുവാനും തെറ്റുകൾ തിരുത്തുവാനും അല്ലാഹു എല്ലാവർക്കും തൗഫീക്ക് നൽകട്ടെ എന്ന പ്രാർത്ഥനയോടെ.

പ്രസാധകർ,

25-04-2000
കുനിയിൽ.

ബിൻബാസ് പബ്ലിക്കേഷൻസ്,
അൻവാർ നഗർ,കുനിയിൽ
അരീക്കോട്. പിൻ. 673 639

# ശൈഖ് അബ്ദുൽ അസീസ് ബിൻബാസ്

1912(1330 H) ൽ സഊദി അറേബ്യയുടെ തലസ്ഥാന നഗരിയായ റിയാദിൽ ജനിച്ചു. സഊദി അറേബ്യയിലെ പ്രശസ്ത സലഫീ പണ്ഡിതരായ ശൈഖ് മുഹമ്മദ് ബിൻ ഇബ്റാഹീം ആലുശൈഖ്,ശൈഖ് മുഹമ്മദ് ബിൻ അബ്ദുലത്തീഫ് ആലുശൈഖ്, ശൈഖ് സഅ്ദുബ്നു വഖാസ് അൽ ബുഖാരി തുടങ്ങിയ നിരവധി പണ്ഡിതരിൽ നിന്നും വിദ്യാഭ്യാസം നേടി 20-ാം വയസ്സിൽ കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെട്ടെങ്കിലും വിജ്ഞാന സമ്പാദനം തുടർന്നു.

1938 മുതൽ 1956 വരെ അൽഖർജ് കോടതിയിൽ ന്യായാധിപനായി സേവനമനുഷ്ഠിച്ചു. തുടർന്ന് ഇമാം ഇബ്നു സഊദ് യൂണിവേഴ്സിറ്റിയിലെ മഅ്ഹദ് ഇൽമി , ശരീഅ കോളേജ് എന്നീ സ്ഥാപനങ്ങളിൽ പ്രൊഫസർ. 1962 മുതൽ 1975 വരെ മദീന യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, ചാൻസലർ എന്നീ ഔദ്യോഗിക പദവികളും വഹിച്ചു. ദാറുൽ ഇഫ്താ ചെയർമാൻ, സഊദി അറേബ്യയുടെ ചീഫ് മുഫ്തി എന്നീ ഉന്നത പദവികളിൽ സേവനമനുഷ്ഠിച്ച ഇബ്നുബാസ് 1999 മെയ് 13ന് ഇഹലോകവാസം വെടിഞ്ഞു.

അല്ലാഹു അദ്ദേഹത്തിന്റെ പരലോക ജീവിതം അനുഗ്രഹീതമാക്കട്ടെ. ആമീൻ

## ബിൻബാസ് പബ്ലിക്കേഷൻസ്
## പ്രസിദ്ധീകരണ രംഗത്ത് ഒരു പുതിയ കാൽവെയ്പ്

കേരളത്തിലെ ഇസ്‌ലാമിക പ്രസിദ്ധീകരണാലയങ്ങൾ ധാരാളം കൃതികൾ മലയാളി വായനക്കാരന്റെ മുമ്പിൽ കാഴ്ച വെച്ചിട്ടുണ്ട്. മുസ്‌ലിംകളുടെ വൈജ്ഞാനിക സാംസ്കാരിക രംഗങ്ങളിൽ അവ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും പ്രശംസ്യമായ സേവനം അനുഷ്ഠിച്ചുവരികയും ചെയ്യുന്നു. എന്നാൽ പല പ്രസിദ്ധീകരണശാലകളും ഏതെങ്കിലും ഒരു സംഘടനയോട് കൂറുപുലർത്തുന്നവയാണ്. അത്കൊണ്ട് തന്നെ പല പ്രമുഖ പണ്ഡിതരുടെയും കൃതികൾ അവരുടെ വീക്ഷണങ്ങളോട് 100% യോജിക്കുന്നില്ല എന്നതിനാൽ വെളിച്ചം കാണാതെ പോയിട്ടുണ്ട്. ആ വിടവ് നികത്തുവാനും ലോക മുസ്‌ലിം പണ്ഡിതൻമാരുടെ അമൂല്യ കൃതികൾ കൈരളിക്ക് കാഴ്ച വെക്കുവാനും വേണ്ടിയാണ് 'ബിൻബാസ് പബ്ലിക്കേഷൻസ്' രംഗത്തു വന്നിട്ടുള്ളത്. മാത്രമല്ല, വായനക്കാർക്ക് ഉപകാരപ്രദമായ വിവിധ വിഷയങ്ങളിലും ഭാഷകളിലുമുള്ള ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

മുസ്‌ലിംലോകത്ത് സർവ്വാദരണീയനായിരുന്ന മർഹൂം ശൈഖ് അബ്ദുൽ അസീസ് ബിൻബാസിന്റെ 'ജിന്ന്-സിഹ്ർ- ജ്യോത്സ്യം - ഇസ്‌ലാമിക വീക്ഷണം' എന്ന പ്രഥമ കൃതി വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

മാന്യ വായനക്കാരുടെ സഹകരണം പ്രതീക്ഷിക്കുന്നു. അല്ലാഹു നമ്മുടെ സദുദ്ദേശങ്ങൾ വിജയിപ്പിക്കുമാറാകട്ടെ.

ഡയറക്ടർ
ബിൻബാസ് പബ്ലിക്കേഷൻസ്
അൻവാർ നഗർ- കുനിയിൽ
പി.ഒ. കീഴുപറമ്പ്-673 639
മലപ്പുറം ജില്ല.

മന്ത്രവാദവും, മാരണം (സിഹ്ര്‍), തുടങ്ങിയ മാര്‍ഗങ്ങളിലൂടെ രോഗശമനം നല്‍കുമെന്ന് വാദിക്കുന്ന ആഭിചാരികള്‍ അടുത്തകാലത്തായി വളരെ വര്‍ധിച്ചിരിക്കുന്നു. പാമര ജനങ്ങളെ ചൂഷണം ചെയ്തുകൊണ്ട് അവര്‍ പല നാടുകളിലും വ്യാപരിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിനും മുസ്‌ലിംകള്‍ക്കും ഇവര്‍ ഉയര്‍ത്തുന്ന ഭീഷണി നിസ്സാരമല്ല. അതിനെ കുറിച്ച് സമുദായത്തെ ബോധവല്‍ക്കരിക്കേണ്ടത് അല്ലാഹുവിന്റെ മതത്തിലേക്കുള്ള പ്രബോധനത്തിന്റെ ഭാഗമാണെന്ന് ഞാന്‍ മനസ്സിലാക്കുന്നു. അല്ലാഹുവിന്റെയും പ്രവാചകന്റെയും കല്‍പനക്ക് വിരുദ്ധമാണ് ഇത്തരം പ്രവര്‍ത്തനങ്ങള്‍. മാത്രമല്ല, അവയില്‍ പലതിലും അല്ലാഹുവേതര്‍ക്കുള്ള ആരാധനകൂടി വന്നു ചേരുന്നു.

രോഗശമനത്തിന് ചികിത്സ അനുവദനീയമാണെന്ന കാര്യത്തില്‍ മുസ്‌ലിം ലോകത്ത് അഭിപ്രായാന്തരമില്ല. ചികിത്സക്ക് വേണ്ടി ഒരു മുസ്‌ലിമിന് വിദഗ്ദരായ ഭിഷഗ്വരരെ സമീപിക്കാവുന്നതാണ്. വൈദ്യശാസ്ത്ര ചികിത്സാരീതിയനുസരിച്ച് രോഗനിര്‍ണ്ണയം നടത്തുകയും ചികിത്സിക്കുകയും ചെയ്യാവുന്നതാണ്. അവയെല്ലാം അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങള്‍ക്കനുസൃതമാണ്. അതിനാല്‍ അവ അല്ലാഹുവിനെ മാത്രം അവലംബിക്കുന്നതിന് (തവക്കുല്‍) വിപരീതമാകുന്നില്ല. രോഗം നിശ്ചയിച്ച അല്ലാഹു അവക്കുള്ള ഔഷധങ്ങളും പ്രകൃതിയില്‍ നിക്ഷേപിച്ചിട്ടുണ്ട്. ചിലര്‍ അവയെ അറിഞ്ഞിട്ടുണ്ടെങ്കില്‍ മറ്റു ചിലര്‍ക്കവ അജ്ഞാതമായിരിക്കും, പക്ഷെ താന്‍ നിഷിദ്ധമാക്കിയവയില്‍ അല്ലാഹു രോഗശമനം നിശ്ചയിച്ചിട്ടില്ല.

രോഗനിര്‍ണയത്തിന് വേണ്ടി അദൃശ്യജ്ഞാനമുണ്ടെന്ന് വാദിക്കുന്ന ജോത്സ്യരെ ഒരു മുസ്‌ലിം സമീപിക്കാവതല്ല. അവര്‍ പറയുന്ന കാര്യങ്ങള്‍ വിശ്വസിക്കാവതുമല്ല. കാരണം, ഒന്നുകില്‍ അവര്‍ ഊഹത്തെ അടിസ്ഥാനമാക്കി ഭാവികാര്യങ്ങള്‍ പ്രവചിക്കുന്നു. അല്ലെങ്കില്‍ തങ്ങളുടെ ലക്ഷ്യസാക്ഷാല്‍ക്കരണത്തിനു വേണ്ടി ജിന്നുകളെ ഹാജരാക്കുകയും അവയുടെ സഹായം തേടുകയുംചെയ്യുന്നു. അദൃശ്യജ്ഞാനം വാദിക്കുന്ന ഇവര്‍ അവിശ്വാസികളും മാര്‍ഗ ഭ്രംശികളുമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

നബി(സ) പറയുന്നു:

من أتى عرّافا فسأله عن شيء لم تقبل له صلاة أربعين
يوما (رواه مسلم)

ആരെങ്കിലും ഒരു ജോത്സ്യനെ (ഭാവികാര്യങ്ങൾ അറിയുന്നതിന് വേണ്ടി) സമീപിച്ചാൽ അവന്റെ നാൽപത് ദിവസങ്ങളിലെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല (മുസ്‌ലിം).

"من أتـــى كاهنا فصدّقه بما يقول فقد كفر بما أنزل على
محمد صلّى الله عليه وسلّم" (رواه أبو داود)

'ആരെങ്കിലും ഒരു ജോത്സ്യനെ സമീപിക്കുകയും അയാൾ പറയുന്നതും വിശ്വസിക്കുകയും ചെയ്താൽ അവൻ മുഹമ്മദ് (സ)ക്ക് ഇറക്കിയതിനെ (ഖുർആനിനെ) നിഷേധിച്ചിരിക്കുന്നു.' (അബൂദാവൂദ്)

ഉപരിസൂചിത ഹദീസുകൾ കണക്കുനോക്കുമ്പോൾ, ജോത്സ്യർ, മാരണക്കാർ തുടങ്ങിയവരെ സമീപിക്കുകയും അവരുടെ വാക്കുകൾ വിശ്വസിക്കുകയും ചെയ്യുന്നതിനെ നിരാകരിക്കുന്നു. അതിനാൽ ഇത്തരക്കാരെ തടയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടത് ഉത്തരവാദപ്പെട്ടവരുടെ ബാധ്യതയാണ്. അനേകം പേർ ജോത്സ്യരെ സമീപിക്കുന്നതായി കാണപ്പെടുന്നു. അവർ പ്രവചിക്കുന്ന ചില കാര്യങ്ങൾ യാദൃശ്ചികമായി സംഭവിക്കുകയും ചെയ്യുന്നു. അവയിലൊന്നും നാം വഞ്ചിതരാകാവതല്ല. വ്യാജവാദികളായ ഇത്തരം സിദ്ധൻമാരെ അനുധാവനം ചെയ്യുന്നത് നാശകരമാണെന്ന് ഉപരിസൂചിത ഹദീസുകളിൽനിന്ന് വ്യക്തമാണ്. ജോത്സ്യനും ആഭിചാരിയും അവിശ്വാസികൾ (കാഫിർ) ആണെന്ന് അവ വ്യക്തമാക്കുന്നു. കാരണം അവർ അദൃശ്യജ്ഞാനികളാണെന്ന് വാദിക്കുകയും ജിന്നു പൂജയിലൂടെ തങ്ങളുടെ ലക്ഷ്യങ്ങളിൽ എത്തിച്ചേരുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഏലസ്, ഉറുക്ക്, മഷിനോട്ടം തുടങ്ങിയ ജോത്സ്യരുടെ പ്രവർത്തനങ്ങൾ ഒരു മുസ്‌ലിം അംഗീകരിക്കാവതല്ല. വിവാഹം, വിവാഹാനന്തരമുള്ള സ്നേഹം, ശത്രുത തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കാൻ വേണ്ടി ഒരു

മുസ്‌ലിം ജോത്സ്യരെ സമീപിക്കാവതുമല്ല. അത്തരം ഭാവികാര്യങ്ങളെല്ലാം അല്ലാഹുവിന്നുമാത്രമെ അറിയൂ.

മാരണം അവിശ്വാസത്തിലേക്ക് നയിക്കുന്ന നിഷിദ്ധമായ കാര്യങ്ങളിൽപെട്ടതാണ് ; അല്ലാഹു പറയുന്നു :

وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولَا إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ فَيَتَعَلَّمُونَ مِنْهُمَا مَا يُفَرِّقُونَ بِهِ بَيْنَ الْمَرْءِ وَزَوْجِهِ وَمَا هُمْ بِضَارِّينَ بِهِ مِنْ أَحَدٍ إِلَّا بِإِذْنِ اللَّهِ وَيَتَعَلَّمُونَ مَا يَضُرُّهُمْ وَلَا يَنْفَعُهُمْ وَلَقَدْ عَلِمُوا لَمَنِ اشْتَرَاهُ مَا لَهُ فِي الْآخِرَةِ مِنْ خَلَاقٍ وَلَبِئْسَ مَا شَرَوْا بِهِ أَنْفُسَهُمْ لَوْ كَانُوا يَعْلَمُونَ (البقرة :102)

എന്നാൽ അവർ രണ്ടുപേരും(ഹാറൂത്തും മാറൂത്തും) ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു. അതിനാൽ ദൈവനിഷേധത്തിലേർപ്പെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല. അങ്ങിനെ അവരിൽനിന്ന് ആളുകൾ ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കാനുള്ള തന്ത്രങ്ങൾ പഠിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതികൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്കുതന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചു കൊണ്ടിരുന്നത്. അത് വാങ്ങിയവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാകുകയില്ലെന്ന് അവർ ഗ്രഹിച്ചിട്ടുമുണ്ട്. തങ്ങളുടെ ആത്മാവുകളെ വിറ്റ് അവർ വാങ്ങിയ വിലവളരെ ചീത്ത തന്നെ, അവർക്ക് വിവരമുണ്ടായിരുന്നെങ്കിൽ (അൽ ബഖറ 102)

സിഹ്ർ സത്യനിഷേധമാണെന്നും മാരണക്കാർ ഭാര്യയെയും ഭർത്താവിനെയും വേർപ്പെടുത്തുമെന്നും ഈ വചനം വ്യക്തമാക്കുന്നു. അപ്രകാരം തന്നെ സിഹ്ർ സ്വയമേ ഉപകാരമോ ഉപദ്രവമോ ചെയ്യുകയില്ല, പ്രത്യുത, അല്ലാഹുവിന്റെ നിശ്ചയ പ്രകാരമാണ് അവ സംഭവിക്കുക എന്നും ഈ

വചനം പഠിപ്പിക്കുന്നു. സിഹ്ർ പഠിക്കുന്നവർ ഉപദ്രവകരമായ കാര്യങ്ങളാണ് പഠിക്കുന്നത്. അവർക്ക് അല്ലാഹുവിങ്കൽ ഒരു സ്ഥാനവുമില്ല. തുച്ഛമായ ഭൗതിക നേട്ടത്തിന് വേണ്ടി അവർ സ്വന്തം നാശത്തിൽ പതിച്ചിരിക്കുന്നു. അല്ലാഹു നമ്മെ ജോത്സ്യരിൽ നിന്നും മന്ത്രവാദികളിൽനിന്നും കാത്തുരക്ഷിക്കട്ടെ.

## മോചനമാർഗങ്ങൾ

സിഹ്ർ ബാധയിൽനിന്ന് രക്ഷനേടാനുള്ള മാർഗവും ചികിത്സിക്കുവാനുള്ള വഴിയും അല്ലാഹു തന്റെ ദാസൻമാർക്ക് അറിയിച്ചുതന്നിട്ടുണ്ട്. അവയിൽ ചിലത് താഴെ വിവരിക്കുന്നു.

സിഹ്ർ ബാധിക്കുന്നതിൽനിന്ന് രക്ഷപ്പെടാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗം നബി (സ) യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട പ്രാർത്ഥനകൾ, ദിക്റുകൾ എന്നിവകൊണ്ടുള്ള പ്രതിരോധമാണ്. നമസ്കാരാനന്തരമുള്ള ദിക്റുകൾക്ക് ശേഷവും ഉറങ്ങുന്നതിന്റെ മുമ്പും 'ആയത്തുൽ കുർസി' പാരായണം ചെയ്യുക. ഖുർആനിലെ ഏറ്റവും മഹത്തായ സൂക്തമായ ആയത്തുൽ കുർസി താഴെ കൊടുക്കുന്നു.

اللهُ لاَ إِلَهَ إِلاَّ هُوَ الْحَيُّ الْقَيُّومُ ، لاَ تَأْخُذُهُ سِنَةٌ وَلاَ نَوْمٌ لَهُ مَا
فِي السَّمَاوَاتِ وَمَا فِي الأَرْضِ مَن ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ
بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِشَيْءٍ مِنْ
عِلْمِهِ إِلاَّ بِمَا شَاءَ وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالأَرْضَ وَلاَ يَؤُودُهُ
حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ ــ (البقرة ــ 225)

'അല്ലാഹു, അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ, മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശനടത്താനാരുണ്ട് ? അവരുടെ മുമ്പിലുള്ളതും അവർക്കു പിന്നിലുള്ളതും അവൻ അറിയുന്നു.

അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ പീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ." (അൽബഖറ :255)

അപ്രകാരം സൂറത്തിൽ ഇഖ്ലാസ്, ഫലഖ് , നാസ് എന്നിവ മൂന്ന് പ്രാവശ്യം വീതം നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും രാപകലുകളുടെ ആരംഭത്തിലും ഉറങ്ങുന്നതിന് മുമ്പും പാരായണം ചെയ്യുക. കൂടാതെ രാത്രിയുടെ ആരംഭത്തിൽ സൂറത്തുൽ ബഖറയിലെ അവസാനത്തെ രണ്ട് ആയത്തുകൾ പാരായണം ചെയ്യുക. അവ താഴെ പറയുന്നവയാണ്.

آمَنَ الرَّسُولُ بِمَا أُنزِلَ إِلَيْهِ مِن رَّبِّهِ وَالْمُؤْمِنُونَ كُلٌّ آمَنَ بِاللَّهِ وَمَلَائِكَتِهِ وَكُتُبِهِ وَرُسُلِهِ لَا نُفَرِّقُ بَيْنَ أَحَدٍ مِّن رُّسُلِهِ وَقَالُوا سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ ، لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ رَبَّنَا لَا تُؤَاخِذْنَا إِن نَّسِينَا أَوْ أَخْطَأْنَا رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِن قَبْلِنَا رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنتَ مَوْلَانَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ – (البقرة — 285-286 )

"തന്റെ രക്ഷിതാവിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല. അവർ പറയുകയും ചെയ്തു. ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ.

നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം

അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ. ഞങ്ങളുടെ നാഥാ! ഞങ്ങൾ മറന്നു പോകുകയോ ഞങ്ങൾക്ക് തെറ്റു പറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ, ഞങ്ങളുടെ നാഥാ! ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ, ഞങ്ങളുടെ നാഥാ ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ ! ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കണമേ! '

ഈ സൂക്തങ്ങളുടെ മഹാത്മ്യത്തെക്കുറിച്ചു നബി (സ) പറയുന്നു.

" من قرأ آيــة الكـرسي في ليلة لم يزل عليه من الله حافظ ولا يقربه شيطان حتى يصبح"

' ഏതൊരാളും രാത്രിയിൽ 'ആയത്തുൽകുർസി' പാരായണം ചെയ്താൽ പ്രഭാതം വരെ അയാൾ അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്. ഒരു പിശാചും അയാളെ സമീപിക്കുകയില്ല'

" من قرأ آيتين من آخر سورة البقر في ليلة كفتاه"

'സൂറത്തിൽ ബഖറയുടെ അവസാനത്തെ രണ്ട് ആയത്തുകൾ രാത്രിയിൽ പാരായണം ചെയ്തവന് അതുതന്നെ (ആപത്തിൽ നിന്ന് രക്ഷയായി) മതി

പിശാചിൽ നിന്ന് രക്ഷതേടാനുള്ള ചില പ്രാർഥനകളും (നബി (സ)യിൽ നിന്ന് പ്രബലമായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്

രാത്രിയും പകലിലും

أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ

(സമ്പൂർണമായ ദൈവിക വചനങ്ങൾകൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിന്മയിൽ നിന്ന് ഞാൻ രക്ഷനേടുന്നു) എന്ന് ചൊല്ലുന്നത് അതിൽപെടുന്നു.

യാത്രകൾക്കിടയിൽ കരയിലോ കടലിലോ മരുഭൂമികളിലോ സത്രങ്ങളിലോ തങ്ങുമ്പോഴും ഈ പ്രാർത്ഥന ചൊല്ലുവാൻ നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു

من نزل منزلا فقال: أعـوذ بكلمات الله التامات من شرّ ما خلق لم يضرّه شيء حتى يرتحل من منزله ذلك "

ആരെങ്കിലും ഒരു സ്ഥലത്ത് താമസിക്കുമ്പോൾ നേരത്തെ സൂചിപ്പിച്ച പ്രാർത്ഥന ചൊല്ലിയാൽ അവൻ അവിടെനിന്ന് പോകുന്നത് വരെ ഒരു ഉപദ്രവവും അവനെ ബാധിക്കുകയില്ല എന്ന് സാരം. ദിവസങ്ങളുടെ ആരംഭങ്ങളിൽ താഴെ പറയുന്ന പ്രാർത്ഥന ചൊല്ലുന്നതും ഈ ഇനത്തിൽപെടുന്നു.

" بِسْمِ اللهِ الَّذِي لَا يَضُرُّ مَعَ اسْمِهِ شَيْءٌ فِي الْأَرْضِ وَلَا فِي السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ "

'അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു; അവന്റെ നാമം ഉണ്ടായിരിക്കെ ആകാശത്തിലോ ഭൂമിയിലോ ഉള്ള ഒന്നും ഉപദ്രവിക്കുകയില്ല. അവൻ കേൾക്കുന്നവനും അറിയുന്നവനുമാണ്.'

സിഹ്റിൽനിന്നും മറ്റുപദ്രവങ്ങളിൽ നിന്നും രക്ഷനേടാനുള്ള ഏറ്റവും പ്രധാനപ്പെട്ട പോംവഴിയാണ് ഈ ദിക്റുകളും പ്രാർത്ഥനകളും. അവ ഒരാൾ വിശ്വാസത്തോടും ദൈവിക ബോധത്തോടും പതിവാക്കുന്നതായാൽ അത് അവന് ഒരു രക്ഷാകവചം തന്നെയായിരിക്കും. മാത്രമല്ല ഈ ദിക്റുകൾ സിഹ്ർ ബാധിച്ചവന് അതിൽ നിന്നും മുക്തി നേടാനുള്ള ഏറ്റവും

പ്രധാനപ്പെട്ട ആയുധം തന്നെയാണ്.

സിഹ്റും മറ്റുരോഗങ്ങളും ബാധിച്ചവരെ നബി(സ) താഴെ നൽകിയ പ്രാർത്ഥന കൊണ്ട് മന്ത്രിച്ചിരുന്നു.

اَللّٰهُمَّ رَبَّ النَّاسِ أَذْهِبِ الْبَأْسَ وَاشْفِ أَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاءُكَ شِفَاءً لَا يُغَادِرُ سَقَمًا

ജനങ്ങളുടെ നാഥനായ അല്ലാഹുവെ രോഗത്തെ നീ നീക്കിക്കളയുകയും സുഖപ്പെടുത്തുകയും ചെയ്യേണമേ. നീയാണ് സുഖപ്പെടുത്തുന്നവൻ; നിന്നിൽനിന്ന് മാത്രമാണ് ശമനം. രോഗം നീ പൂർണമായും ഭേദമാക്കേണമേ.

ജിബ്രീൽ (അ) നബി (സ)യെ ഇപ്രകാരം മന്ത്രിച്ചിരുന്നു.

" بِسْمِ اللهِ أَرْقِيكَ مِنْ كُلِّ شَيْءٍ يُؤْذِيكَ وَمِنْ شَرِّ كُلِّ نَفْسٍ أَوْ عَيْنِ حَاسِدٍ اَللهُ يَشْفِيكَ بِسْمِ اللهِ أَرْقِيكَ "

'താങ്കളെ ഉപദ്രവിക്കുന്ന എല്ലാകാര്യങ്ങളിൽനിന്നും അല്ലാഹുവിന്റെ നാമത്തിൽ മന്ത്രിക്കുന്നു. അസൂയാലുവിന്റെ കണ്ണേറിൽനിന്നും മറ്റുപദ്രവങ്ങളിൽ നിന്നും അല്ലാഹു താങ്കളെ സുഖപ്പെടുത്തട്ടെ. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ മന്ത്രിക്കുന്നു'

മുകളിൽ സൂചിപ്പിച്ച രണ്ട് പ്രാർത്ഥനകളും മൂന്ന് പ്രാവശ്യം വീതം ചൊല്ലേണ്ടതാണ്. സിഹ്ർ ബാധക്കുള്ള ചികിത്സയുടെ മറ്റൊരു രീതി താഴെ പറയുന്നു. സിഹ്ർമൂലം ഭാര്യയുമായി ബന്ധപ്പെടുവാൻ സാധിക്കാത്തവർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഒന്നാണത്.

ഇലന്തമര (സിദ്റ് വൃക്ഷം)ത്തിന്റെ ഏഴു പച്ചിലകൾ എടുത്ത് കല്ലു കൊണ്ടോ മറ്റോ ചതക്കുക, അതിനു ശേഷം ഒരു പാത്രത്തിൽ ഇടുക, അതിൽ കുളിക്കുവാൻ ആവശ്യമായ വെള്ളം ഒഴിക്കുക, ആയത്തുൽ കുർസി, സൂറത്തുൽ കാഫിറൂൻ, ഇഖ്‌ലാസ്, ഫലഖ്, നാസ് എന്നിവ അതിൽ പാരായണം ചെയ്യുക കൂടാതെ സൂറത്തുൽ അഅ്റാഫിലെ 117 മുതൽ 119കൂടിയ വചനങ്ങളും, സൂറത്തു യൂനുസിലെ 79-82 വരെയുള്ള ആയത്തുകളും സൂറത്തു ത്വാഹയുടെ 65-69 വരെയുള്ള സൂക്തങ്ങളും ആ വെള്ളത്തിൽ പാരാ

മന്ത്രം ചെയ്യുക[1]. അതിന് ശേഷം അതിൽനിന്ന് മൂന്ന് കപ് കുടിക്കുകയും അവശേഷിക്കുന്നത് കൊണ്ട് കുളിക്കുകയും ചെയ്യുക എന്നാൽ രോഗശമനം ലഭിക്കുന്നതാണ്. ഇൻശാ അല്ലാ. ആവശ്യമായി വരികയാണെങ്കിൽ ഇപ്രകാരം രണ്ടോ അതിൽ കൂടുതലോ പ്രാവശ്യം രോഗം മാറുന്നത് വരെ ചികിത്സ ആവർത്തിക്കാവുന്നതാണ്.

സിഹ്ർ ബാധ മാറ്റാൻ ഏറ്റവും പ്രയോജന പ്രദമായ മറ്റൊരു മാർഗം കൂടിയുണ്ട്. സിഹ്ർ ചെയ്ത വസ്തുക്കൾ വെച്ച സ്ഥലം കണ്ടുപിടിക്കലാണത്. മലയിലോ മണ്ണിലോ മറ്റെവിടെയാണെങ്കിലും അത് കണ്ടെത്തുകയും പുറത്തെടുത്ത് നശിപ്പിക്കുകയും ചെയ്യുക. എന്നാൽ സിഹ്ർ ബാധ പരിപൂർണമായും ഭേദമാകുന്നതാണ്.

സിഹ്റിന് പകരം എതിർ മാരണം ചെയ്യുന്ന സമ്പ്രദായം ഇസ്ലാമികമല്ല. ജിന്നുകൾക്കുള്ള ബലികർമംപോലുള്ള ബഹുദൈവാരാധനകൾ അവയിൽ അടങ്ങിയിട്ടുണ്ട്. അപ്രകാരം തന്നെ ജോത്സ്യർ , മന്ത്രവാദികൾ തുടങ്ങിയവരോട് ചികിത്സ ആരായാവതുമല്ല. ജനങ്ങളെ ചൂഷണം ചെയ്യുന്നവരും അദൃശ്യജ്ഞാനമുണ്ടെന്ന് വാദിക്കുന്നവരുമാണവർ. അവരെ സമീപിക്കുന്നതും അവരോട് ചോദിക്കുന്നതും അവർ പറയുന്നത് വിശ്വസിക്കുന്നതും നബി(സ) വിരോധിച്ചിട്ടുണ്ട്. അതെല്ലാം നാം നേരത്തെ വിവരിച്ചിട്ടുണ്ട്.

' നബി(സ)യോട് പ്രതിമാരണം ചെയ്യുന്നതിനെക്കുറിച്ചു ചോദിച്ചപ്പോൾ അത് പൈശാചിക പ്രവർത്തനമാണെന്ന് അവിടുന്ന് പ്രതിവചിച്ചു.' (ഇമാം അഹ്മദ്)

എന്നാൽ മതപരമായ പ്രാർത്ഥനകൾ, മന്ത്രങ്ങൾ, അനുവദനീയമായ മരുന്നുകൾ എന്നിവകൊണ്ട് സിഹ്ർ മൂലമുള്ള ആപത്തുകളെ നേരിടാവുന്നതാണ്. അല്ലാമാ ഇബ്നുൽ ഖയ്യിം(റ) ശൈഖ് അബ്ദുറഹിമാൻ ബിൻ ഹസൻ (റ) തുടങ്ങിയ പണ്ഡിതർ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ.

---

1. ഖുർആൻ പാരായണം ചെയ്ത് വെള്ളത്തിൽ ഊതുന്നത് നബി (സ) യുടെ കാലത്തിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. എന്നാൽ പാത്രങ്ങളിലോ മറ്റോ ഖുർആൻ എഴുതി കഴുകി കുടിക്കുന്ന സമ്പ്രദായം പ്രബലമായ ഹദീസുകളിൽ വന്നിട്ടില്ല. എന്നാൽ [illegible] പണ്ഡിതന്മാർ അനുവദിച്ചിട്ടുണ്ട് [illegible] (വിവ:)

# സിഹ്ർ ചെയ്യുന്ന ഭാര്യ

(ഭാര്യ സിഹ്ർ ചെയ്തതായി പരാതിപ്പെട്ട ഒരാൾക്ക് മർഹൂം ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹിബ്നു ബാസ് നൽകിയ മറുപടി താഴെ കൊടുക്കുന്നു.)

എഴുത്ത് ലഭിച്ചു. താങ്കളുടെ ആദ്യഭാര്യ സിഹ്ർ ചെയ്തതുമൂലം നവ വധുവുമായി താങ്കൾക്ക് ബന്ധപ്പെടാൻ കഴിയാതിരുന്നതും പ്രതിവിധിയായി മന്ത്രവാദിയെ സമീപിച്ചതും അറിഞ്ഞു.

താങ്കളുടെ ആദ്യഭാര്യ സിഹ്ർ ചെയ്തത് ശരിയാണെങ്കിൽ അവളുടെ പ്രവർത്തനം ഏറ്റവും നീചമാണ്. അത് ദുർമാർഗവും അവിശ്വാസവു(കുഫ്റ്)മാകുന്നു. അല്ലാഹു പറയുന്നു

وما يعلمان من أحد حتى يقولا إنما نحن فتنة فلا تكفر
فيتعلمون منهما ما يفرقون به بين المرء وزوجه وما هم
بضارين به من أحد إلا بإذن الله ويتعلمون ما يضرهم ولا
ينفعهم ولقد علموا لمن اشتراه ماله في الآخرة من خلاق
ولبئس ما شروا به أنفسهم لو كانوا يعلمون — البقرة :102)

"എന്നാല്‍ അവര്‍ രണ്ടുപേരും(ഹാറൂതും മാറൂതും) ഏതൊരാള്‍ക്ക് പഠിപ്പിക്കുമ്പോഴും ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു. അതിനാല്‍ ദൈവനിഷേധത്തിലേര്‍പ്പെടരുത് എന്ന് അവര്‍ പറഞ്ഞുകൊടുക്കാതിരുന്നില്ല. അങ്ങിനെ അവരില്‍നിന്ന് ആളുകള്‍ ഭാര്യഭര്‍ത്താക്കന്മാര്‍ക്കിടയില്‍ ഭിന്നതയുണ്ടാക്കാനുള്ള തന്ത്രങ്ങള്‍ പഠിച്ചുകൊണ്ടിരുന്നു. എന്നാല്‍ അല്ലാഹുവിന്റെ അനുമതികൂടാതെ അതുകൊണ്ട് യാതൊരാള്‍ക്കും ഒരു ദ്രോഹവുംചെയ്യാന്‍ അവര്‍ക്ക് കഴിയില്ല. അവര്‍ക്കുതന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവര്‍ പഠിച്ചുകൊണ്ടിരുന്നത്. അത് വാങ്ങിയവര്‍ക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവുകയില്ലെന്ന് അവര്‍ ഗ്രഹിച്ചിട്ടുമുണ്ട്. തങ്ങളുടെ ആത്മാവുകളെ വിറ്റ് അവര്‍ വാങ്ങിയ വില വളരെ ചീത്ത തന്നെ; അവര്‍ക്ക് വിവരമുണ്ടായിരുന്നെങ്കില്‍ (അല്‍ ബഖറ :102)

സിഹ്ര്‍ ചെയ്യുന്നവന്‍ സത്യനിഷേധിയാണെന്നും സിഹ്റന്മാര്‍ പഠിക്കുന്ന കാര്യം ഉപദ്രവകരമാണെന്നും ഭാര്യ - ഭര്‍ത്താക്കള്‍ക്കിടയില്‍ ഭിന്നിപ്പുണ്ടാക്കുകയാണ് അവരുടെ ലക്ഷ്യമെന്നും ഈ വചനം വ്യക്തമാക്കുന്നു. അവര്‍ പരലോകത്ത് നഷ്ടക്കാരുമാണ്.

നബി(സ) പറഞ്ഞു

" اجتنبوا السبع الموبقات ، قيل : وما هن يا رسول الله ؟
قال: الشرك بالله والسحر وقتل النفس التي حرم الله إلا
بالحق وأكل الربا وأكل مال اليتيم والتولي يوم الزحف
وقذف المحصنات الغافلات المؤمنات"

"നിങ്ങള്‍ ഏഴു മഹാപാപങ്ങളെ വര്‍ജ്ജിക്കുക, അവയേതാണെന്ന് സഹാബികള്‍ ചോദിച്ചു നബി(സ) പറഞ്ഞു: അല്ലാഹുവില്‍ പങ്കുചേര്‍ക്കല്‍, സിഹ്ര്‍, അന്യായമായി മനുഷ്യരെ വധിക്കുക, പലിശ തിന്നല്‍, അനാഥയുടെ ധനം ഭക്ഷിക്കല്‍, യുദ്ധരംഗത്തുനിന്ന് പിന്‍തിരിഞ്ഞോടല്‍, പതിവ്രതകളായ സത്യവിശ്വാസിനികളെ ദുരാരോപണം നടത്തല്‍ എന്നിവയാണവ"

താങ്കൾ സമീപിച്ച വ്യക്തി ഒരു മാരണക്കാരനാകാനാണ് സാധ്യത. കാരണം, അവരല്ലാതെ സിഹ്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയില്ല. കൂടാതെ അയാൾ അദൃശ്യജ്ഞാനം വാദിക്കുന്ന ഒരു ജോത്സ്യനുംകൂടിയാവണം. അയാളെ പോലെയുള്ള ഒരാളെ ഒരു മുസ്‌ലിം സമീപിക്കുകയോ വിശ്വസിക്കുകയോ ചെയ്യാവതല്ലെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അതിനാൽ താങ്കളുടെ പ്രവർത്തനത്തെക്കുറിച്ച് താങ്കൾ അല്ലാഹുവിങ്കലേക്ക് ഖേദിച്ചു മടങ്ങേണ്ടതാണ്.

ആദ്യ ഭാര്യയെയും സിദ്ധനെയുംക്കുറിച്ച് അധികൃത കേന്ദ്രങ്ങളിൽ പരാതിപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

# മാരണക്കാരെയും മന്ത്രവാദികളെയും സമീപിക്കൽ

ചോ: യമനിന്റെ ചില ഭാഗങ്ങളിൽ സാദാത്തുകൾ എന്ന പേരിൽ അറിയപ്പെടുന്ന ചിലരുണ്ട് . അവർ മന്ത്രവാദം, ഗൂഢോത്രം തുടങ്ങിയ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. ജനങ്ങളുടെ വിവിധതരം രോഗങ്ങൾ സുഖപ്പെടുത്താൻ തങ്ങൾക്ക് സാധിക്കുമെന്ന് അവർ അവകാശപ്പെടുന്നു. അതിനുപുറമെ കഠാരകൾകൊണ്ട് സ്വന്തം ശരീരത്തെ മുറിവേൽപിക്കുക, നാവ് മുറിച്ചുകളയുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്ത ശേഷം അവയെ പൂർവ്വസ്ഥിതിയിലേക്ക് മടക്കുന്നു. അവരുടെ കൂട്ടത്തിൽ നമസ്കരിക്കുന്നവരും അല്ലാത്തവരുമുണ്ട്, രോഗ ശമനത്തിന് വേണ്ടി പ്രാർത്ഥിക്കുമ്പോൾ അല്ലാഹുവിന് പുറമെ ഒരു പൂർവ്വ പിതാവിനെയും അവർ വിളിച്ചുതേടുന്നു. പഴയ കാലത്ത് ആളുകൾ" അല്ലാഹുവിന്റെ വക്താക്കൾ " എന്ന നിലക്ക് അവരെ അസാധാരണ മനുഷ്യരായി ഗണിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. പക്ഷെ, ഇപ്പോൾ വിദ്യാഭ്യാസമുള്ളവരും ചില യുവാക്കളും അവരെ തള്ളിപ

റയുന്നു. അറിവില്ലാത്തവരും വയോജനങ്ങളും ഇപ്പോഴും അവരെ ആദരിക്കുന്നുമുണ്ട് ഈ വിഷയത്തിലുള്ള ഇസ്‌ലാമിക വിധി അറിയിച്ചുതരുവാൻ അപേക്ഷിക്കുന്നു.

ഉ : ഇവർ ദുഷിച്ച പ്രവർത്തനങ്ങൾ നടത്തുന്ന സൂഫികളിൽ പെട്ടവരാണ്. അവർ അദൃശ്യജ്ഞാനം വാദിക്കുകയും ജിന്നുസേവ നടത്തുകയും ജനങ്ങളെ ചൂഷണത്തിന് വിധേയരാക്കുകയും ചെയ്യുന്നു. നബി(സ) പറഞ്ഞു: ആരെങ്കിലും ജോത്സ്യനെ സമീപിച്ചാൽ 40 ദിവസത്തെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല കൂടാതെ ഇവർ സിഹ്ർ ചെയ്യുന്നവരുമാണ്. മൂസാ (അ)യുടെയും ഫിർഔനിന്റെയും ചരിത്രം വിവരിക്കുന്ന സന്ദർഭത്തിൽ സിഹ്ർകാരെക്കുറിച്ച് അല്ലാഹു പറയുന്നു.

قـال القـوا فلما القوا سحـروا اعين الناس واستر هبوهم

وجاءوا بسحر عظيم —اعراف — 116 )

മൂസാ പറഞ്ഞു : "നിങ്ങൾ ഇട്ടുകൊള്ളുക, അങ്ങിനെ അവർ ഇട്ടപ്പോൾ അവർ ആളുകളുടെ കണ്ണ് കെട്ടുകയും അവർക്ക് ഭയമുണ്ടാക്കുകയും ചെയ്തു അവർ വമ്പിച്ച ജാലവിദ്യയാണ് കൊണ്ടുവന്നത് (അഅ്റാഫ് :116)

അവർ അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുകയും തങ്ങളുടെ പൂർവ്വീകർക്ക് പ്രാർത്ഥനകൾക്ക് ഉത്തരം ചെയ്യാൻ കഴിയുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. പ്രപഞ്ചനിയന്ത്രണത്തിലും സംവിധാനത്തിലും അവർക്ക് പങ്കുണ്ടെന്നും രോഗങ്ങൾ സുഖപ്പെടുത്താൻ കഴിയുമെന്നും അവർ വാദിക്കുന്നു. ഇതെല്ലാം സത്യനിഷേധവും കൊടിയ ശിർക്കുമാകുന്നു. ഇവരെ ഒരു മുസ്‌ലിം വിശ്വസിക്കുകയോ അവരോട് പ്രശ്ന പരിഹാരം ആരായുകയോ ചെയ്യാവതല്ല. കാരണം അവരുടെ പ്രവർത്തനങ്ങളിൽ ബഹുദൈവ വിശ്വാസവും ജോത്സ്യവും മന്ത്രവാദവുമെല്ലാം കൂടിക്കലർന്നിരിക്കുന്നു. അവർ തങ്ങളുടെ പൂർവ്വീകരെന്നോ വലിയ്യുകളെന്നോ വാദിക്കുന്നവരോട് സഹായം തേടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കഠാര കൊണ്ട് ശരീരത്തിൽ മുറിപ്പെടുത്തുകയും പിന്നീടത് പൂർവ്വസ്ഥിതിയിലാക്കുകയും

ചെയ്യുന്നത് ജാലവിദ്യയും തട്ടിപ്പുമാണ്. അവയെല്ലാം ഇസ്‌ലാം വിരോധിച്ച സിഹ്റുകളുടെ വൃത്തത്തിൽ ഉൾപ്പെടുന്നു. ഫിർഔനിനെ സഹായിച്ച ഇത്തരം ജാലവിദ്യക്കാരെക്കുറിച്ച് ഖുർആൻ പറയുന്നു:

يُخَيَّلُ إِلَيْهِ مِن سِحْرِهِمْ أَنَّهَا تَسْعَىٰ — طه — 66]

'അവരുടെ ജാലവിദ്യ നിമിത്തം (അവരുടെ കയറുകളും വടികളുമെല്ലാം ) ഓടുകയാണെന്ന് അദ്ദേഹത്തിന് (മൂസ(അ)ന്ന്) തോന്നുന്നു.'

സിഹ്ർ, മന്ത്രവാദം, ജോത്സ്യം, അദൃശ്യജ്ഞാനം, അല്ലാഹുവേതരോടുള്ള പ്രാർത്ഥന, തുടങ്ങിയ വിവിധ ഇനം കുഫ്റുകളിലും ശിർക്കുകളിലും ഇവർ അകപ്പെട്ടിരിക്കുന്നു. ഇവരെ ബഹിഷ്കരിക്കേണ്ടത് സാമൂഹ്യ ബാധ്യതയാണ്. ഉത്തരവാദപ്പെട്ടവർ ഇവരുടെ പ്രവർത്തനങ്ങൾക്ക് തടയിടേണ്ടതാണ്.

## ജിന്ന് സേവയും ചികിത്സയും

ചോ: മന്ത്രവാദത്തിലൂടെ ചികിത്സിക്കുമെന്ന് അവകാശപ്പെടുന്ന ഒരാളുടെ അടുക്കൽ ഞാൻ പോയി. അയാൾ എന്നോട് എന്റേയും പിതാവിന്റേയും പേർ എഴുതി നൽകാൻ ആവശ്യപ്പെടുകയും അടുത്ത ദിവസം വരാൻ നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് അടുത്തദിവസം ചെന്നപ്പോൾ എനിക്ക് ചില പ്രത്യേകതരം രോഗങ്ങൾ ബാധിച്ചിട്ടുണ്ടെന്നും അതിനുള്ള ചികിത്സാമാർഗങ്ങൾ അയാൾ പറയുകയും ചെയ്തു. അല്ലാഹുവിന്റെ വചനങ്ങൾ കൊണ്ടാണ് താൻ ചികിത്സിക്കുന്നതെന്ന് അയാൾ അവകാശപ്പെടുന്നു. ഇത്തരം ചികിത്സാ രീതിയെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ വിധി എന്ത്?

ഉ: അദൃശ്യജ്ഞാനം വാദിക്കുകയോ ജിന്നുസേവ നടത്തുകയോ ചെയ്യുന്നവരെ സമീപിക്കുകയോ അവർ പറയുന്ന കാര്യങ്ങൾ വിശ്വസിക്കുകയോ ചെയ്യാവതല്ല. രാശിനോക്കൽ, കളംവരക്കൽ, ചീട്ടെടുക്കൽ, രോഗിയുടേയും ബന്ധുക്കളുടേയും പേർ വിവരമന്വേഷിച്ച് യോഗനിർണ്ണയം നടത്തൽ, എന്നിവയെല്ലാം ജ്യോത്സ്യരുടെ ലക്ഷണങ്ങളാണ്. ഇവരെ സമീപിക്കുന്നത് നബി (സ) വിരോധിച്ചിട്ടുണ്ട്. ഖുർആൻ കൊണ്ട് ചികിത്സിക്കുന്നവരാണെന്ന് അവർ വാദിച്ചാലും അവരെ വിശ്വസിക്കാൻ പാടില്ല. വഞ്ചനയും തട്ടിപ്പും മാത്രമാണ് അവരുടെ മുഖമുദ്ര

# സിഹ്ർ ബാധയുടെ പ്രതിവിധി

ചോ: ഇലന്തമര(സിദ്റ്)ത്തിന്റെ ഏഴ് ഇലകളെടുത്ത് ഒരു പാത്രത്തിലെ വെള്ളത്തിലിടുക, അനന്തരം അതിൽ ഫലഖ്, നാസ്, കാഫിറൂൻ, ഫാതിഹ എന്നീ സൂറത്തുകളും സൂറത്തുൽ ബഖറയിലെ നൂറ്റിരണ്ടാമത്തെ ആയത്തും പാരായണം ചെയ്യുക, ആ വെള്ളത്തിൽ നിന്ന് കുടിക്കുകയും കുളിക്കുകയും ചെയ്യുക എന്ന് ഒരു പണ്ഡിതൻ സിഹ്റിന് പ്രതിവിധിയായി നിർദ്ദേശിക്കുന്നു. അത് അനുവദനീയമാണോ?

ഉ : സിഹ്റുകളിൽ ചിലത് യാഥാർത്ഥ്യമാണ് എന്നതിൽ സംശയമില്ല. മറ്റുചിലതാകട്ടെ ജാലവിദ്യയാണ്. അല്ലാഹുവിന്റെ നിർണയമനുസരിച്ച് ചിലർക്ക് അവ ദോഷകരമായി ബാധിക്കുന്നവയുമാണ്. ഇക്കാര്യം അൽബഖറ : യിലെ നൂറ്റിരണ്ടാം വചനത്തിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

നബി (സ)ക്ക് സിഹ്ർ ബാധിച്ചപ്പോൾ അതിന് ഉപയോഗിച്ച വസ്തുക്കൾ സഹാബികൾ കണ്ടെത്തുകയും അവ നശിപ്പിക്കുകയും ചെയ്തു. അങ്ങിനെ നബി(സ)യെ സിഹ്റിന്റെ നാശങ്ങളിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തി. ഇപ്രകാരം സിഹ്ർ ചെയ്തുവെച്ച കെട്ടുള്ള നൂലുകളോ പരസ്പരം ചേർത്തുവെച്ച ആണികളോ മറ്റോ കണ്ടെത്തിയാൽ അവ നശിപ്പിക്കേണ്ടതാണ്. കാരണം സിഹ്റൻമാർ കെട്ടുകളിൽ ഊതുകയും തങ്ങളുടെ ദുഷ്ട ലക്ഷ്യങ്ങൾക്കു വേണ്ടി ആണികളടിക്കുകയും ചെയ്യാറുണ്ട്. അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവരുടെ ചിലപ്രവർത്തനങ്ങൾ വിജയിച്ചേക്കാം.

ഖുർആൻ പാരായണവും സിഹ്റിന് പ്രതിവിധിയാണ്. സിഹ്ർബാധിച്ചവന് ബുദ്ധിഭ്രമം സംഭവിച്ചിട്ടില്ലെങ്കിൽ അവന് സ്വയം തന്നെ പാരായണം ചെയ്യാവുന്നതാണ്. അല്ലെങ്കിൽ മറ്റൊരാൾ പാരായണം ചെയ്യുകയും സിഹ്ർ ബാധയേറ്റവന്റെ നെഞ്ചിലോ ഏതെങ്കിലും ഒരു അവയവത്തിലോ ഊതുകയും ചെയ്യുക. ഫാതിഹ, ഇഖ്ലാസ്, ഫലഖ് എന്നീ സൂറത്തുകളും യൂനുസ്, ത്വാഹ എന്നിവയിൽ നിന്ന് സിഹ്റിനെ സംബന്ധിച്ച ആയത്തുകളും ആയത്തുൽ കുർസിയുമാണ് ഇപ്രകാരം പാരായണം ചെയ്യേണ്ടത് ഇഖ്ലാസ്, ഫലഖ്, നാസ് എന്നീ സൂറകൾ മൂന്ന് പ്രാവശ്യം വീതം പാരായണം ചെയ്യുന്നതാണ് ഉത്തമം- തുടർന്ന്

اللَّهُمَّ رَبَّ النَّاسِ أَذْهِبِ الْبَأْسَ وَاشْفِ أَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَمًا

'ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ പ്രയാസത്തെ നീ ദൂരീകരിക്കുകയും രോഗം സുഖപ്പെടുത്തുകയും ചെയ്യേണമേ, നീ മാത്രമാണ് സുഖപ്പെടുത്തുന്നവൻ. രോഗം പരിപൂർണ്ണമായും സുഖപ്പെടുത്തേണമേ; എന്ന പ്രാർത്ഥന മൂന്ന് പ്രാവശ്യം ചൊല്ലുക'. കൂടാതെ

" بِسْمِ اللهِ أَرْقِيكَ مِنْ كُلِّ شَيْءٍ يُؤْذِيكَ وَمِنْ شَرِّ كُلِّ نَفْسٍ أَوْ عَيْنِ حَاسِدٍ اللهُ يَشْفِيكَ بِسْمِ اللهِ أَرْقِيكَ "

'താങ്കളെ ഉപദ്രവിക്കുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അല്ലാഹുവിന്റെ നാമത്തിൽ ഞാൻ മന്ത്രിക്കുന്നു. അസൂയാലുവിന്റെ കണ്ണിൽ നിന്നും മറ്റു ഉപദ്രവങ്ങളിൽ നിന്നും അല്ലാഹു താങ്കളെ സുഖപ്പെടുത്തട്ടെ. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കളെ മന്ത്രിക്കുന്നു'

أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ

'സമ്പൂർണ്ണമായ ദൈവിക വചനങ്ങൾ കൊണ്ട് അവൻ

സൃഷ്ടിച്ചവയുടെ തിന്മയിൽ നിന്ന് ഞാൻ രക്ഷതേടുന്നു.' ഈ പ്രാർത്ഥനകളും മൂന്ന് പ്രാവശ്യം വീതം ചൊല്ലുന്നത് ഉത്തമമാണ്.

മുകളിൽ സൂചിപ്പിച്ച ആയത്തുകളും പ്രാർത്ഥനകളുമെല്ലാം വെള്ളത്തിൽ പാരായണം ചെയ്യുകയും പിന്നീട് സിഹ്ർ ബാധിച്ചവൻ കുടിക്കുകയും ചെയ്യുന്നത് മൂലം രോഗ ശമനം ലഭിക്കുന്നതാണ് ഇൻശാഅല്ലാഹ്.

വെള്ളത്തിൽ ഇലന്തമരത്തിന്റെ ഏഴു പച്ചിലകൾ അരച്ചു ചേർക്കുന്നതും രോഗ ശമനത്തിനുള്ള മാർഗമാണ്. ഇതെല്ലാം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞതാണ്. ധാരാളം പേർക്ക് നാം ഈ രൂപത്തിൽ ചികിത്സ നടത്തുകയും അതുമൂലം അല്ലാഹു അവർക്ക് പ്രയോജനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് സിഹ്ർ ബാധിച്ചവർക്ക് ഉപകാരപ്രദമായ ഒരു സിദ്ധൗഷധം തന്നെയാണ്.

ഭാര്യയുമായി (സിഹ്ർമൂലം) ശാരീരിക ബന്ധം നടത്താൻ കഴിയാത്തവർക്ക് ഈ ഔഷധം ഉപകാരപ്രദമാണ് . ഈ മന്ത്രവും പ്രാർത്ഥനയും അവൻ സ്വയം ചെയ്യുകയോ മറ്റൊരാൾ അവന് ചെയ്തുകൊടുക്കുകയോ ചെയ്യാവുന്നതാണ്. അല്ലെങ്കിൽ വെള്ളത്തിൽ അവ പാരായണം ചെയ്തു കുടിക്കുകയും ബാക്കിയുള്ളതുകൊണ്ട് കുളിക്കുകയും ചെയ്യുക. ഇവയെല്ലാം രോഗം ഭേദമാക്കാനുള്ള കാരണങ്ങളാണ്. യഥാർത്ഥത്തിൽ രോഗം മാറ്റുന്നവൻ അല്ലാഹുവാണ് അവൻ സർവ്വശക്തനാണ്. രോഗവും മരുന്നും അവന്റെ പക്കലാണ്. എല്ലാം അവന്റെ മുൻ നിശ്ചയ പ്രകാരമേ സംഭവിക്കുകയുള്ളൂ.

നബി(സ) പറഞ്ഞു.

"ما أنزل الله داء إلا أنزل له شفاء علمه من علمه و جهله من جهله"

'അല്ലാഹു ഓരോ രോഗം നൽകുമ്പോഴും അതിനുള്ള ശമനമാർഗവും നിശ്ചയിച്ചിട്ടുണ്ട്. ചിലർ ആ മരുന്ന് മനസ്സിലാക്കുന്നു. മറ്റുചിലർക്കത് മനസ്സിലാക്കാൻ കഴിയാതെപോകുന്നു.'

# ജിന്നു ബാധ
# നിഷേധകർക്കുള്ള മറുപടി

റിയാദിലെ ഒരു മുസ്ലിം സ്ത്രീയെ ബാധിച്ചിരുന്ന ജിന്ന് എന്റെ അടുക്കൽ വന്ന് ഇസ്ലാം ആശ്ലേഷിച്ച വാർത്ത ഇക്കഴിഞ്ഞ ശഅബാനിൽ (140 AH/1987) ഒട്ടേറെ ദിനപത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. എന്റെ അടുക്കൽ വരുന്നതിന് മുമ്പ് റിയാദിൽ താമസിക്കുന്ന അബ്ദുല്ലാഹിബ്നു മുശ്രിഫ് അൽ അംരിയുടെ സാന്നിദ്ധ്യത്തിൽ വെച്ച് ജിന്ന് ഇസ്ലാം സ്വീകരിച്ചിരുന്നു. ജിന്നു ബാധയുള്ള സ്ത്രീയുടെ സമീപത്ത് വെച്ച് അദ്ദേഹം ഖുർആൻ പാരായണം ചെയ്യുകയും പിന്നീട് ജിന്നുമായി സംസാരിക്കുകയും ചെയ്തു. താൻ ഇന്ത്യൻ വംശജനും ബുദ്ധമതാനുയായിയുമാണെന്ന് ജിന്ന് അബ്ദുല്ലയെ ധരിപ്പിച്ചു. അബ്ദുല്ല ജിന്നിനെ ഇസ്ലാമിക ആശയങ്ങൾ ധരിപ്പിക്കുകയും ജിന്ന് ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. പിന്നീട് അബ്ദുല്ലയും ജിന്നു ബാധിച്ചിരുന്ന സ്ത്രീയുടെ ബന്ധുക്കളും സ്ത്രീയെ എന്റെ മുമ്പിൽ ഹാജരാക്കി. ജിന്നിന്റെ ഇസ്ലാം മതാശ്ലേഷണത്തിന് ഞാൻ കൂടി സാക്ഷ്യം വഹിക്കാനായിരുന്നു അവർ ഇപ്രകാരം ചെയ്തത്. ഞാൻ ജിന്നിനോട് സ്ത്രീയുടെ ശരീരത്തിൽ പ്രവേശിക്കാനുള്ള കാരണങ്ങൾ ആരാഞ്ഞു. ജിന്ന് കാരണങ്ങൾ വിശദീകരിച്ചു. ജിന്നുബാധയുള്ള സ്ത്രീയുടെ

നാവിലൂടെയാണ് ജിന്ന് സംസാരിച്ചത്. പക്ഷെ സ്വരം പുരുഷന്റേതായിരുന്നു. സ്ത്രീശബ്ദമായിരുന്നില്ല. ജിന്നുമായി ഞാൻ സംസാരിക്കുമ്പോൾ സ്ത്രീയുടെ ഒരു സഹോദരനും ഒരു സഹോദരിയും അവളുടെ കൂടെ ഉണ്ടായിരുന്നു. കൂടാതെ ചില പണ്ഡിതരും നേരത്തെ സൂചിപ്പിച്ച അബ്ദുല്ലത്തീഫും സദസ്സിലുണ്ടായിരുന്നു. എന്റെ സമീപത്തുണ്ടായിരുന്ന കസേരയിലിരുന്നാണ് ആ സ്ത്രീ സംസാരിച്ചത്. കൂടെയുള്ളവരെല്ലാം സംസാരം കേൾക്കുന്നുണ്ടായിരുന്നു.

ജിന്ന് വളരെ വ്യക്തമായ സ്വരത്തിൽ ഇസ്‌ലാം മതാശ്ലേഷണം പ്രഖ്യാപിച്ചു. അപ്പോൾ അല്ലാഹുവിനെ സൂക്ഷിക്കുവാനും സ്ത്രീയിൽനിന്ന് വിട്ടകലാനും ഞാൻ ജിന്നിനെ ഉപദേശിച്ചു. ജിന്ന് അത് സമ്മതിച്ചു. ജിന്നിനോട് അവന്റെ ജനതക്ക് പ്രബോധനം എത്തിക്കുവാനും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുവാനും ഞാൻ ഉദ്ബോധിപ്പിച്ചു. അതും ജിന്ന് അംഗീകരിച്ചു. അവസാനം എനിക്ക് സലാം ചൊല്ലിക്കൊണ്ട് ജിന്ന് സ്ത്രീയെ വിട്ടുപിരിഞ്ഞു. അനന്തരം സ്ത്രീ അവളുടെ സാധാരണ സ്വരത്തിൽ സംസാരിക്കുകയും അവർക്ക് ആശ്വാസം തോന്നുന്നതായി അറിയിക്കുകയും ചെയ്തു. ഒരു മാസത്തിന് ശേഷം ആ സ്ത്രീയും അവളുടെ അമ്മാവനും രണ്ട് സഹോദരങ്ങളും ഒരു സഹോദരിയും എന്റെ അടുക്കൽ വന്നു. ജിന്ന് അവളെ പിന്നീട് സമീപിച്ചിട്ടില്ല എന്നവർ എന്നോട് പറഞ്ഞു.

ജിന്ന് അവളെ ബാധിച്ചിരുന്ന കാലത്ത് അവൾക്കുണ്ടായിരുന്ന മാനസികാവസ്ഥയെക്കുറിച്ച് ഞാനവളോട് ചോദിച്ചു. തനിക്ക് അന്ന് ഇസ്‌ലാമിക വിരുദ്ധ ചിന്തകൾ തോന്നുകയും ബുദ്ധമതത്തോടും അതിന്റെ ഗ്രന്ഥങ്ങളോടും ആഭിമുഖ്യം അനുഭവപ്പെടുത്തുകയും ചെയ്തിരുന്നു. പക്ഷെ, സുഖമായ ശേഷം ഇപ്പോൾ അത്തരം ചിന്തകളൊന്നും എന്റെ മനസ്സിനെ സ്വാധീനിക്കുന്നില്ലെന്ന് അവൾ പറഞ്ഞു.

പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ഈ വാർത്തയെ ശൈഖ് അലി ത്വൻത്വാവി[1] തള്ളിക്കളഞ്ഞതായി എനിക്ക് വിവരം ലഭിച്ചു. അവരെല്ലാം

1 സിറിയയിൽ നിന്ന് സൗദി അറേബ്യയിലേക്ക് കുടിയേറിപ്പാർത്ത പ്രമുഖചിന്തകരിൽ ഒരാളായിരുന്നു ശൈഖ് അലി ത്വൻത്വാവി 1999ൽ അദ്ദേഹം നിര്യാതനായി. ശൈഖ് ത്വൻത്വാവിയെ പോലെ ശൈഖ് മുഹമ്മദുൽ ഗസ്സാലി, ശൈഖ് ജാദുൽ ഹഖ് തുടങ്ങിയ ഈജിപ്ഷ്യൻ പണ്ഡിതരും ജിന്ന് മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നത് നിഷേധിച്ചിട്ടുണ്ട് (വിവ.)

കള്ളവും വ്യാജവുമാണെന്ന് അദ്ദേഹം പറഞ്ഞുവത്രെ! സ്ത്രീയുടെ ശബ്ദം പുരുഷ ശബ്ദം റിക്കാർഡ് ചെയ്ത കാസറ്റുണ്ടാവാൻ ഇടയുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ റിക്കാർഡ് ചെയ്ത കാസറ്റ് ഞാൻ കേൾക്കുകയുണ്ടായി.

അത് കേട്ടപ്പോൾ എനിക്ക് വളരെ അത്ഭുതം തോന്നി. ഞാൻ ജിന്നിനോട് ധാരാളം കാര്യങ്ങൾ ചോദിച്ചു അവയെല്ലാം ജിന്ന് ഉത്തരം നൽകി. ഒരു ടേപ്പ്റിക്കാർഡർ ചോദ്യങ്ങൾക്ക് ഉത്തരം പറയുമോ? മനുഷ്യരുടെ പ്രബോധനം മൂലം ജിന്ന് മുസ്ലിമാകുമെന്ന് പറയുന്നത് ഖുർആനിന്ന് വിരുദ്ധമാണെന്ന് അലി ത്വൻതാവി വാദിക്കുന്നു. കാരണം എനിക്കു ശേഷം മറ്റൊരാൾക്കും ഉണ്ടാകാത്ത അധികാരം നാഥാ എനിക്കു നൽകേണമേ. (സ്വാദ് 35) എന്ന സുലൈമാൻ (അ) ന്റെ പ്രാർത്ഥനക്ക് വിരുദ്ധമാണ് അതെന്ന് അദ്ദേഹം പറയുന്നു. അലി ത്വൻതാവിയുടെ ഈ വാദങ്ങളെല്ലാം ബാലിശങ്ങളാണ്. മനുഷ്യൻ ജിന്നിന് ഇസ്ലാം വിശദീകരിച്ചുകൊടുക്കുകയും ജിന്ന് ഇസ്ലാം സ്വീകരിക്കുകയും ചെയ്യുന്നത് ഖുർആനിന്ന് വിരുദ്ധമല്ല. സുലൈമാൻ (അ) യുടെ പ്രാർത്ഥനക്ക് വിപരീതമാണ് അതെന്ന് പറയാവതുമല്ല. നബി(സ) മുഖേന ധാരാളം ജിന്നുകൾ ഇസ്ലാം സ്വീകരിച്ചിട്ടുണ്ട്. സൂറത്ത് അഹ്ഖാഫിലും സൂറത്ത് ജിന്നിലും അല്ലാഹു അത് പ്രസ്താവിച്ചിട്ടുണ്ട്. നബിചര്യയിലും അത് സ്ഥിരപ്പെട്ടിട്ടുണ്ട്.

അബൂഹുറൈറ (റ) യിൽ നിന്ന് നിവേദനം, നബി(സ) പറഞ്ഞു. ഇന്നലെ രാത്രി പിശാച് എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. എന്റെ നമസ്കാരം മുറിക്കാനായി അവൻ ശ്രമിച്ചു. പക്ഷെ അവനെ പരാജയപ്പെടുത്തുവാൻ അല്ലാഹു എനിക്ക് ശക്തി നൽകുകയും ഞാനവനെ വീഴ്ത്തുകയും ചെയ്തു. പ്രഭാതമാകുമ്പോൾ നിങ്ങൾക്ക് കാണാൻ കഴിയത്തക്കവണ്ണം അവനെ ഒരു തൂണിൽ ബന്ധിച്ചാലോ എന്ന് ഞാൻ ആലോചിച്ച് പോയി. പക്ഷെ എന്റെ സഹോദരൻ സുലൈമാൻ (അ) യുടെ പ്രാർത്ഥന ഞാൻ ഓർത്തു. നാഥാ! എനിക്കു ശേഷം മറ്റാർക്കും നൽകാത്ത ആധിപത്യം നീ എനിക്ക് പ്രദാനം ചെയ്യേണമേ! അങ്ങിനെ ആ പിശാചിനെ നിന്ദ്യനായി അല്ലാഹു മടക്കിഅയച്ചു. (ബുഖാരി)

ഇതേ വചനം തന്നെ മുസ്ലിമും ഉദ്ധരിച്ചിട്ടുണ്ട്. പക്ഷെ അതിൽ പിശാച് (ശൈത്താൻ) എന്നതിനു പകരം ജിന്നുകളിലെ ഒരു ശക്തൻ (ഇഫ്രീത്ത്) എന്നാണ് പ്രയോഗിച്ചിട്ടുള്ളത്.

ആയിശ(റ) ൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു. 'ഒരിക്കൽ നബി(സ) നമസ്കരിക്കുമ്പോൾ പിശാച് പ്രത്യക്ഷപ്പെട്ടു. നബി(സ) അവനുമായി മൽപ്പിടുത്തം നടത്തുകയും പിശാചിനെ മലർത്തിയിടുകയും ശ്വാസം മുട്ടിക്കുകയും ചെയ്തു. അതിനെക്കുറിച്ച് നബി(സ) പറഞ്ഞു. അവന്റെ നാവിന്റെ നനവ് എന്റെ കയ്യിൽ അനുഭവപ്പെട്ടു. സുലൈമാൻ നബി (അ) ന്റെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ ജനങ്ങൾ കാണത്തക്ക വിധം ഞാൻ അവനെ ബന്ധിക്കുമായിരുന്നു.' (നസാഈ)

അബൂസഈദ് (റ) ൽ നിന്ന് നിവേദനം:നബി(സ) പറഞ്ഞു. ഞാൻ പിശാചിനെ മലർത്തിയിടുകയും അവന്റെ കഴുത്തിൽ പിടിച്ച് ഞെരുക്കുകയും ചെയ്തു.പിശാചിന്റെ ഉമിനീരിന്റെ നനവ് എന്റെ പെരുവിരലിലും ചൂണ്ടുവിരലിലും അനുഭവപ്പെടുന്നുണ്ടായിരുന്നു. (അഹ്മദ്,അബൂദാവൂദ്)

ബുഖാരി മറ്റൊരു സംഭവം അനുബന്ധമായി ഉദ്ധരിച്ചിട്ടുണ്ട്. അബൂഹുറൈറ(റ) പറയുന്നു.ഫിത്ർ സക്കാത്തിന്റെ പാറാവുകാരനായി നബി(സ) എന്നെ നിശ്ചയിച്ചു. രാത്രി ഒരാൾ വന്ന് ധാന്യം കോരിയെടുക്കാൻ തുടങ്ങി. ഞാനയാളെ പിടിക്കുകയും നബി(സ)യുടെ അടുക്കലേക്ക് കൊണ്ട്പോകുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. അപ്പോൾ അയാൾ പറഞ്ഞു. ഞാനൊരു ദരിദ്രനാണ്. എനിക്ക് വലിയ ഒരു കുടുംബത്തിന്റെ ചുമതലയുണ്ട്. വളരെ അത്യാവശ്യമുള്ളതിനാലാണ് ഞാൻ ഇങ്ങനെ ചെയ്യുന്നത്.അയാളുടെ വാക്ക് കേട്ടപ്പോൾ ഞാനയാളെ വിട്ടയച്ചു. പിറ്റെ ദിവസം പ്രഭാതത്തിൽ നബി(സ) എന്നോട് ചോദിച്ചു. അബൂഹുറയ്റാ താങ്കളുടെ തടവ്പുള്ളിയെ എന്ത്ചെയ്തു? ഞാൻ പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ, അയാളുടെ ദാരിദ്ര്യവും കുടുംബ ബാധ്യതയും അയാൾ വിവരിച്ചപ്പോൾ എനിക്ക് അലിവ് തോന്നിയതിനാൽ ഞാനയാളെ വിട്ടയച്ചു. നബി(സ) പറഞ്ഞു: അവൻ കളവാണ് പറഞ്ഞത്, ഇനിയും അവൻ വരും. നബി (സ) യുടെ വാക്ക് കേട്ടതിനാൽ അടുത്ത ദിവസം ഞാനയാളെ

പ്രതീക്ഷിച്ചിരുന്നു. അന്നും അയാൾ ധാന്യം കോരിയെടുക്കാനെത്തി. ഞാനയാളെ പിടികൂടി. നബി(സ) യുടെ അരികിലേക്ക് കൊണ്ട് പോകുമെന്ന് പറഞ്ഞപ്പോൾ അയാൾ തന്റെ കഷ്ടപ്പാടുകൾ വിവരിച്ചു. ഇനി ആവർത്തിക്കില്ലെന്ന് ഉറപ്പ് നൽകുകയും ചെയ്തു. അന്നും അയാളെ വിട്ടയച്ചു. നേരം പുലർന്നപ്പോൾ നബി(സ) എന്നോട് ചോദിച്ചു നിന്റെ തടവുകാരനെ എന്ത് ചെയ്തു. അയാളുടെ ദയനീയ വർത്തമാനങ്ങൾ കേട്ടപ്പോൾ ഞാനയാളെ വിട്ടയച്ചു.

നബി(സ) പറഞ്ഞു: അവൻ കളവ് പറഞ്ഞു. ഇനിയും അവൻ വരും. അന്നും ഞാനയാളെ കാത്തിരുന്നു. പതിവ്പോലെ അയാൾ വരികയും ധാന്യം വാരാൻ തുടങ്ങുകയും ചെയ്തു. ഞാനയാളെ പിടികൂടി. ഇന്ന് നിന്നെ നബി(സ) യുടെ മുമ്പിൽ ഹാജരാക്കും ,നീ മൂന്നാം തവണയാണ് ഇപ്രകാരം ചെയ്യുന്നത്. ആവർത്തിക്കില്ലെന്ന് വാഗ്ദാനം ചെയ്ത നീ പിന്നീടത് ലംഘിക്കുന്നു. അയാൾ പറഞ്ഞു: നിനക്ക് ഉപകാരപ്പെടുന്ന ചില വചനങ്ങൾ ഞാൻ നിന്നെ പഠിപ്പിക്കാം. ഞാൻ ചോദിച്ചു : അവ എന്താണ്? അയാൾ പറഞ്ഞു: നീ ഉറങ്ങുന്നതിന് മുമ്പ് ആയത്തുൽകുർസി പാരായണം ചെയ്യുക, പ്രഭാതം വരെ നീ അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കും. പിശാച് നിന്നെ സമീപിക്കില്ല. അന്നും ഞാനയാളെ വിട്ടയച്ചു. അടുത്ത പ്രഭാതത്തിൽ നബി(സ) എന്നോട് നിന്റെ തടവ് പുള്ളിയെ എന്തുചെയ്തെന്നു ചോദിച്ചു. ഞാൻ പറഞ്ഞു: എനിക്കു പ്രയോജനപ്രദമായ ചില വചനങ്ങൾ പഠിപ്പിക്കാമെന്ന് അവനെന്നോട് പറഞ്ഞു. നബി(സ) ചോദിച്ചു: ഏത് വചനങ്ങളാണവ? ഉറങ്ങുന്നതിനുമുമ്പ് ആയത്തുൽ കുർസി പാരായണം ചെയ്യുക, എന്നാൽ പിശാച് സമീപിക്കില്ലെന്ന് അവനെന്നോട് പറഞ്ഞുവെന്ന് ഞാൻ പ്രതിവചിച്ചു. അപ്പോൾ നബി(സ) പറഞ്ഞു: അവൻ കളവ് പറയുന്നവനാണ് എന്നിരുന്നാലും ഇപ്പോഴവൻ പറഞ്ഞത് സത്യമാണ്, താങ്കൾ മൂന്ന് ദിവസമായി കണ്ടിരുന്നത് ആരെയാണെന്നറിയുമോ? ഞാൻ പറഞ്ഞു: ഇല്ല. നബി(സ) പറഞ്ഞു: അത് ശൈത്താൻ ആയിരുന്നു.

സഫിയ്യ (റ) യിൽ നിന്ന് ഉദ്ധരിക്കപ്പെട്ട ഒരു ഹദീസിൽ നബി(സ) പറഞ്ഞു: ആദം സന്തതിയുടെ ശരീരത്തിൽ രക്തം സഞ്ചരിക്കുന്നിടത്തെല്ലാം പിശാചും സഞ്ചരിക്കും (ബുഖാരി,മുസ്ലിം)

ഉസ്മാനുബ്നു അബിൽആസിൽ നിന്ന് നിവേദനം. പിശാച് എന്റെ നമസ്കാരത്തിലും ഖുർആൻ പാരായണത്തിലും തടസ്സമുണ്ടാക്കുന്നു. നബി (സ) പറഞ്ഞു: അത് 'ഖിൻസബ്' എന്ന പിശാചാണ്. അവൻ വന്നതായി നിനക്ക് അനുഭവപ്പെട്ടാൽ അല്ലാഹുവിനോട് രക്ഷ ചോദിക്കുക. നിന്റെ ഇടത് ഭാഗത്തേക്ക് മൂന്ന് പ്രാവശ്യം തുപ്പുക. നബി(സ)യുടെ നിർദ്ദേശമനുസരിച്ച് കൊണ്ട് ഞാൻ അത് ചെയ്തപ്പോൾ പിശാചിൽനിന്ന് അല്ലാഹു എന്നെ രക്ഷപ്പെടുത്തി (അഹ്മദ്)

എല്ലാ മനുഷ്യരിലും രണ്ട് ഖരീനുകൾ (സ്ഥിരമായി കൂടെയുണ്ടാകുന്ന സഹചാരികൾ) ഉണ്ടെന്ന് നബി (സ) യിൽനിന്ന് പ്രബലമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു മലക്കും ഒരു പിശാചുമാണവർ, പ്രവാചകൻമാരിൽ പോലും ഇത്തരം 'ഖരീനു'കൾ ഉണ്ട്. എന്നാൽ നബി(സ)യുടെ (പൈശാചിക) ഖരീൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുസ്ലിമായി അവൻ നൻമ മാത്രമാണ് ആജ്ഞാപിക്കുക

അതെ, അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചക ചര്യകളും സമുദായത്തിന്റെ ഇജ്മാഉം (ഏകോപിച്ച വീക്ഷണം) മനുഷ്യരിൽ ജിന്നു പ്രവേശിക്കുന്നതു മൂലം 'ജിന്നുബാധ' യുണ്ടാകുമെന്നതിനെ അംഗീകരിക്കുന്നു. പിന്നീട് എങ്ങിനെയാണ് യാതൊരു ജ്ഞാനവും ലക്ഷ്യങ്ങളുടെ പിൻബലവുമില്ലാതെ പണ്ഡിതനായി അറിയപ്പെടുന്ന ഒരാൾ അതിനെ നിഷേധിക്കുന്നത്? അഹ്ലുസ്സുന്ന വൽജമാഅത്ത് വിരോധികളായ ബിദ്അത്തുകാരെ (അനാചാരം ചെയ്യുന്നവർ) അനുകരിക്കുകയാണ് അയാൾ ചെയ്യുന്നത്. അല്ലാഹു നമ്മെ രക്ഷിക്കട്ടെ.

*******

# ഖുർആൻ വ്യാഖ്യാതാക്കൾ എന്ത് പറയുന്നു ?

അല്ലാഹു പറയുന്നു:

الـذين يـأكلون الربا لا يقومون إلا كما يقوم الذي يتخبّطه الشيطـان مـن المس ذلك بأنهم قالوا إنمـا البيع مثل الربا (البقرة 275)

" പലിശ തിന്നുന്നവർ പിശാച് ബാധനിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നതുപോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശപോലെതന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്" (അൽബഖറ: 275)

ഈ വചനത്തിന് പ്രമുഖരായ ഖുർആൻ വിശാരദർ നൽകിയ വിശദീകരണങ്ങൾ നമുക്ക് പരിശോധിക്കാം.

അബൂജഅ്ഫർബിൻ ജരീർ തിബ്രി(റ) പറയുന്നു: പിശാച്ബാധനിമിത്തം ഭ്രാന്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കലാണ്

ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇബ്നുകസീർ (റ) പറയുന്നു: പിശാച്ബാധയേറ്റവൻ വീണിടത്ത് നിന്ന് എഴുന്നേൽക്കുന്നവനെപ്പോലെയാണ് അന്ത്യനാളിൽ പലിശതിന്നവൻ ഖബറിൽനിന്ന് എഴുന്നേൽക്കുക. ഇക്കാര്യം ഇബ്നുഅബ്ബാസ് (റ) ഉം പ്രസ്താവിച്ചിട്ടുണ്ട്.

ഖുർത്തുബി പറയുന്നു: 'മനുഷ്യരിൽ ജിന്നുബാധയുണ്ടാകുന്നതിനെ നിഷേധിക്കുന്നവരുടെ വാദം ബാലിശമാണെന്ന് ഈ ആയത്ത് തെളിയിക്കുന്നു. പിശാചുബാധയെ കേവല ഭൗതിക പ്രവർത്തനമായി ചിത്രീകരിക്കുകയും പിശാച് മനുഷ്യരിൽ പ്രവേശിക്കുകയില്ലെന്നും പിശാച്ബാധ ഇല്ലെന്നുമാണല്ലോ അവർ വാദിക്കുന്നത്.' ഇതേ ആശയം പ്രകടിപ്പിച്ച ധാരാളം ഖുർആൻ വ്യാഖ്യാതാക്കളെ വേറെയും നമുക്ക് കാണാവുന്നതാണ്. ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ (റ) പറയുന്നു: ജുബ്ബാഇൗ, അബൂബക്കർ റാസി, തുടങ്ങിയ മുഅ്തസിലുകൾ മനുഷ്യശരീരത്തിൽ ജിന്നുപ്രവേശിച്ച് ബാധയുണ്ടാകുന്നതിനെ നിഷേധിക്കുന്നു. എങ്കിലും ജിന്നിനെ അവർ നിഷേധിക്കുന്നില്ല. അതിനാലാണ് ഇമാം അശ്അരി തന്റെ അഹ്ലുസ്സുന്ന വൽ ജമാഅത്തിന്റെ വിശ്വാസം വിശദീകരിക്കുന്ന സന്ദർഭത്തിൽ അവർ മനുഷ്യരിൽ ജിന്നുബാധയുണ്ടാകുമെന്ന് വിശ്വസിക്കുന്നവരാണെന്ന് പ്രത്യേകം എടുത്ത് പറഞ്ഞത്. അബ്ദുല്ലാഹിബ്നു അഹ്മദ്ബിൻ ഹമ്പൽ പറയുന്നു: ചില ആളുകൾ മനുഷ്യന് ജിന്നുബാധയുണ്ടാകുന്നതിനെ നിഷേധിക്കുന്നു എന്നകാര്യം ഞാൻ പിതാവിന്റെ ശ്രദ്ധയിൽപെടുത്തി. അദ്ദേഹം പറഞ്ഞു: മകനേ, അവർ കളവാണ് പറയുന്നത്. ജിന്നുബാധ ഏറ്റവന്റെ നാവിലൂടെ ജിന്നിന്റെ സംസാരമല്ലേ പുറത്ത് വരുന്നത്, ഇബ്നുതൈമിയ തുടരുന്നു: ജിന്നിന്റെ അസ്തിത്വം ഖുർആനും സുന്നത്തും പൂർവ്വികപണ്ഡിതരും വ്യക്തമാക്കുന്നു. അപ്രകാരം മനുഷ്യശരീരത്തിൽ ജിന്ന് പ്രവേശിക്കുമെന്ന് അഹ്ലുസ്സുന്ന വൽജമാഅത്തിന്റെ പണ്ഡിതൻമാർ അംഗീകരിച്ചിരിക്കുന്നു."

അഹ്മദ്ബിൻ ഹമ്പൽ(റ) പറയുന്നു: ' ഒരു മനുഷ്യന് ജിന്നുബാധയുണ്ടായാൽ ചിലപ്പോൾ തനിക്കറിയാത്ത ഭാഷയിൽ അവൻ സംസാരിക്കും. ശക്തിയായി അവന്റെ ശരീരത്തിൽ അടിക്കും. അതുപോലുള്ള അടി ഒരു ഒട്ടകത്തിന്റെ ശരീരത്തിൽ ഏറ്റാൽ അതിന്റെ

1. ഫതാവാ ഇബ്നുതൈമിയ- വാ: 19- പേ- 9- 65

ശരീരം പോലും വ്രണപ്പെടും. എന്നാൽ താൻ സംസാരിക്കുന്നതോ അടിക്കുന്നതോ ജിന്നുബാധയേറ്റവൻ അറിയുന്നില്ല. ബാധയേറ്റവൻ ബാധയേൽക്കാത്തവനെ വലിച്ചുകൊണ്ട് പോവുകയും അവന്റെ ഇരിപ്പിടത്തിന് സ്ഥാന ചലനം സംഭവിപ്പിക്കുകയും ചെയ്യാറുണ്ട്. വീട്ടുപകരണങ്ങളെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് നീക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്താറുണ്ട്. ഇവയൊക്കെ ദർശിക്കുന്ന ഏതൊരാൾക്കും ജിന്നു ബാധയേറ്റവന്റെ സംസാരവും, അവന്റെ പ്രവർത്തനങ്ങളും ആ വ്യക്തിയുടേതല്ല. മറിച്ച് ജിന്നിന്റേതാണെന്ന് നിസ്സംശയം മനസ്സിലാക്കാവുന്നതാണ്. പൂർവ്വികരായ മുസ്‌ലിം പണ്ഡിതരിൽ ഒരാളും ജിന്നു ബാധയെ നിഷേധിച്ചിട്ടില്ല അത് നിഷേധിക്കുന്നവൻ ശറഇനെ നിഷേധിക്കുന്നവനാണ്.

അല്ലാമാ ഇബ്നുൽ ഖയ്യിം (റ) പറയുന്നു : " ബാധ രണ്ട് തരമുണ്ട്. ഒന്ന്: ഭൂമിയിലെ ദുഷ്ടാത്മാക്കളുടെ പ്രവർത്തനഫലമായുണ്ടാകുന്ന ബാധ. രണ്ട്: മാനസിക വിഭ്രാന്തി (ഹിസ്റ്റീരിയ) മൂലമുണ്ടാകുന്ന ബാധ.

രണ്ടാമത്തേതിനാണ് മനഃശാസ്ത്രജ്ഞൻമാർ ചികിത്സ നിർണയിക്കുന്നത്. എന്നാൽ ദുഷ്ടാത്മാക്കൾ മൂലമുണ്ടാകുന്ന ബാധയെ ധിഷണശാലികളായ വൈദ്യശാസ്ത്ര വിഷഗ്വരൻമാർ നിഷേധിച്ചിട്ടില്ല. മാത്രമല്ല ദുരാത്മാക്കളുടെ പ്രവർത്തനത്തിലൂടെയാണ് അവക്ക് തടയിടേണ്ടത് എന്ന് അവർ സമർത്ഥിക്കുകയും ചെയ്യുന്നു. വൈദ്യശാസ്ത്ര ഉപജ്ഞാതാവായ ഹിപ്പോക്രാറ്റ്സ് (460 - 370 BC പറയുന്നു. നാഡീവ്യൂഹത്തിന് വരുന്ന തളർച്ച കാരണത്താലും മറ്റു ശാരീരിക കാരണങ്ങളാലും ഉള്ള ബോധക്ഷയത്തിന് വൈദ്യശാസ്ത്രത്തിൽ മരുന്നുണ്ട്. എന്നാൽ ദുഷ്ടാത്മാക്കൾ മൂലമുള്ള ബോധക്ഷയത്തിന് മരുന്ന് കൊണ്ട് പരിഹാരമാവില്ല.

അറിവില്ലാത്തവരും അവിവേകികളും നിരീശ്വരവാദത്തിൽ അഭിമാനം കൊള്ളുകയും ചെയ്യുന്ന ഭിഷഗ്വരൻമാരാണ് ജിന്ന് ബാധ പോലുള്ളവയെ നിഷേധിക്കുന്നത്. നാഡീവ്യൂഹങ്ങളുടെ തകരാറുകൾ കൊണ്ട് ബോധക്ഷയം ഉണ്ടാകുമെന്ന അവരുടെ വാദം ശരിയാണ്. എന്നാൽ എല്ലാ

ബാധ കളെയൊക്കെയും അങ്ങിനെ കണക്കാക്കാവുന്നതല്ല.

അജ്ഞത മൂലം ദുഷ്ടാത്മാക്കളുടെ സ്വാധീനത്തെ നിഷേധിക്കുന്നവരുടെ വിവരക്കേട് പരിതാപകരവും പരിഹാസ്യവുമാണ്.

പിശാച് ബാധയുടെ ചികിത്സ രണ്ടുരൂപത്തിലാണ്. ബാധയേറ്റവൻ സ്വയം ചികിത്സിക്കലാണ് ഒരിനം. അത് ഒരു ആത്മ പ്രതിരോധമാർഗമാണ്. മനോധൈര്യവും സ്രഷ്ടാവിലുള്ള ദൃഢവിശ്വാസവും ഇതിനാവശ്യമാണ്. മനസ്സും നാവും ഒരുമിച്ചുകൊണ്ട് അവനോട് രക്ഷതേടണം. ഇതൊരു തരം യുദ്ധമാണ്. ഒരു യുദ്ധം വിജയിക്കണമെങ്കിൽ ഏറ്റവും മികച്ച ആയുധവും അതുപയോഗിക്കാനുള്ള കായിക ശേഷിയും ഉണ്ടായിരിക്കണം. ഏതെങ്കിലും ഒന്നില്ലെങ്കിൽ മറ്റുള്ളതുകൊണ്ട് പ്രയോജനമില്ല. അവ രണ്ടും ഇല്ലാതായാൽ പറയേണ്ടതുമില്ലല്ലോ. ഇത്തരം മാനസിക ചികിത്സക്ക് തൗഹീദിലുള്ള ശരിയായ വിശ്വാസവും തവക്കുലും ഭയഭക്തിയും അനുപേക്ഷണീയമാണ്.

വിദഗ്ധരെ സമീപിച്ചുകൊണ്ടുള്ള ചികിത്സയാണ് രണ്ടാമത്തെയിനം. ചികിത്സകരും മുകളിൽ സൂചിപ്പിച്ച ഗുണഗണങ്ങളുള്ളവരായിരിക്കണം. ശ്രേഷ്ടരായ ആളുകളിൽ ചിലർ ജിന്നുകളോട് പുറത്ത് പോകൂ എന്നോ 'ബിസ്മില്ലാഹ്' എന്നോ പറയുമ്പോഴേക്ക് അവരുടെ ആജ്ഞാശക്തിയാൽ ജിന്നു പുറത്തുപോയ അനുഭവങ്ങളുണ്ട്. നബി(സ) انا رسول الله اخرج عدو الله അല്ലാഹുവിന്റെ ശത്രുവേ, ഞാൻ അല്ലാഹുവിന്റെ ദൂതനാണ്, നീ പുറത്ത് പോകൂ എന്ന് പറയാറുണ്ടായിരുന്നു.

നമ്മുടെ ഗുരുവര്യൻ ( ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ) ജിന്നു ചികിത്സാവിദഗ്ദ്ധരെ ജിന്നുബാധ ഒഴിപ്പിക്കാൻ അയക്കാറുണ്ടായിരുന്നു. അവർ ചെന്നുകൊണ്ട് ജിന്നിനോട് പുറത്ത് പോകാൻ ശൈഖ് ആജ്ഞാപിച്ചിട്ടുണ്ട്. ഈ പ്രവർത്തനം നിനക്ക് അനുവദനീയമല്ല എന്നുപറയുമ്പോൾ ജിന്നുബാധയേറ്റവൻ സുഖപ്പെടാറുണ്ടായിരുന്നു. ചില സന്ദർഭങ്ങളിൽ ജിന്നു ഒഴിയാൻ കൂട്ടാക്കിയില്ലെങ്കിൽ അതിനെ അടിച്ചൊഴിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ ബാധയേറ്റവൻ ആ പ്രഹരത്തിന്റെ വേദന അറിയുമായിരുന്നില്ല. ഇത്തരം അനുഭവങ്ങൾക്ക് എത്രയോ തവണ ഞാൻ ദൃക്സാക്ഷിയായിട്ടുണ്ട്.

ചുരുക്കത്തിൽ ജിന്നുബാധയേയും അതിന്റെ ചികിത്സയേയും അല്പജ്ഞാനികളും ബുദ്ധിശൂന്യരുമല്ലാതെ നിഷേധിക്കുകില്ല. പൈശാചിക ബാധകൾ അധികവും പിടിപെടുന്നത് മതബോധമില്ലാത്തവരെയും ദൈവിക സ്മരണകളിൽനിന്നും പ്രവാചകാധ്യാപനത്തിൽനിന്നും അകന്നവരെയുമാണ്.[1]

ഉപരിസൂചിതമായ തെളിവുകളും പണ്ഡിതരുടെ ഏകോപിച്ചുള്ള അഭിപ്രായങ്ങളും മനുഷ്യരിൽ ജിന്ന് പ്രവേശിക്കുമെന്ന് വ്യക്തമാക്കുന്നു. അത് നിഷേധിക്കുന്നവരുടെ വാദഗതികൾ ബാലിശങ്ങളാണ്. ശൈഖ് അലി ത്വൻതാവിക്ക് ഈ വിഷയത്തിൽ പിഴവ് സംഭവിച്ചിരിക്കുന്നു. സത്യം മനസ്സിലാക്കിയാൽ അത് സ്വീകരിക്കാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ വിശദീകരണം അദ്ദേഹത്തിന് പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഹി:1407 ശവ്വാൽ 8ലെ സഊദിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'അന്നദ്വ' ദിനപത്രത്തിൽ ഡോ: മുഹമ്മദ് ഇർഫാൻ നടത്തിയ പ്രസ്താവനയും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. ജിന്നുബാധ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നൂറുശതമാനവും അസംബന്ധമാണെന്നും വൈദ്യശാസ്ത്ര നിഘണ്ടുവിൽ അതിന് സ്ഥാനമില്ലെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. മതത്തെക്കുറിച്ചും അഹ്‌ലുസ്സുന്ന വൽജമാഅത്തിലെ പണ്ഡിതരുടെ വിശ്വാസാദർശങ്ങളെ സംബന്ധിച്ചുമുള്ള അജ്ഞതയാണ് അദ്ദേഹം അത്തരം ഒരു പ്രസ്താവനക്ക് മുതിർന്നത്. ഭൂരിപക്ഷം വൈദ്യ ശാസ്ത്രജ്ഞർക്കും ഇക്കാര്യം അറിയില്ല എന്നത് അതിനെ നിഷേധിക്കുന്നതിനുള്ള തെളിവാകുന്നില്ല. മറിച്ച് അവരുടെ അജ്ഞതയെയാണ് അത് വിളിച്ചറിയിക്കുന്നത്.

ബുദ്ധിയും സത്യസന്ധതയുമുള്ള പണ്ഡിതരെല്ലാം 'പിശാചുബാധ'യെ അംഗീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അഹ്‌ലുസ്സുന്നവൽജമാഅയുടെ 'ഇജ്മാഅ്' ഉണ്ടെന്ന് ഇബ്നു തൈമിയ (റ)യും അബ്ദുൽ ഹസൻ അശ്അരി(റ)യുമെല്ലാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വൈദ്യശാസ്ത്ര രംഗത്തെ പ്രമുഖരായ പലരും ഇക്കാര്യം അംഗീകരിച്ചിട്ടുണ്ടെന്ന് ഇബ്നുൽ ഖയ്യിം (റ) പറഞ്ഞത് നാം നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്. അതിനാൽ ഇത്തരം അൽപജ്ഞാനി

1. സാദുൽമആദ് - വാ: 4 - പേ.- 66 - 69

കളായ ഡോക്ടർമാരെയും അറിവില്ലാതെ സംസാരിക്കുന്നവരെയും പിൻതു
ടരാവതല്ല. അവരുടെ വാദങ്ങൾ മുഅ്തസിലുകളെ പോലെയുള്ള മുബ്ത
ദിഉ് കളുടെ വികലങ്ങളുടെ അനുകരണം മാത്രമാണ്.

മുകളിൽ സൂചിപ്പിച്ച ഹദീസുകളിൽ നിന്നും പണ്ഡിത വചനങ്ങളിൽ നിന്നും ജിന്നിനോട് സംസാരിക്കുന്നതും ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നതുമെല്ലാം ഇസ്‌ലാം അംഗീകരിക്കുന്നതാണെന്ന് വ്യക്തമായി. അവയൊന്നും തന്നെ സൂറത്തു സ്വാദിൽ വിശദീകരിച്ചിട്ടുള്ള സുലൈമാൻ (അ) ന്റെ പ്രാർത്ഥനക്ക് വിരുദ്ധമാകുന്നില്ല. മനുഷ്യ ശരീരത്തിൽ പ്രവേശിച്ച ജിന്നിനോട് നന്മ കൽപിക്കലും തിന്മ വിരോധിക്കലും പുറത്തുപോകാൻ വിസമ്മതിച്ചാൽ അടിച്ചു പുറത്താക്കലുമെല്ലാം നേരത്തെ സൂചിപ്പിച്ച ഖുർആൻ സൂക്തത്തിന് വിരുദ്ധമാകുന്നില്ല. മാത്രമല്ല ഇത്തരം ചെയ്തികൾ അനിവാര്യവുമായി വരുന്നു. കാരണം അവയെല്ലാം അക്രമിയെ ചെറുക്കുക, അക്രമിക്കപ്പെട്ടവനെ സഹായിക്കുക എന്നീ ഇനങ്ങളിൽ പെട്ടതാണ്. ഈ വിഷയ സംബന്ധമായി ഒട്ടേറെ ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

മുസ്‌ലിം അബുദ്ദർദാഇൽനിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീസ് അവയിൽ ഒന്നാണ് നബി(സ) പറഞ്ഞു: അല്ലാഹുവിന്റെ ശത്രുവായ ഇബ്‌ലീസ് എന്നെ അക്രമിക്കുവാനായി ഒരു തീക്കൊള്ളിയുമായി വന്നു. അപ്പോൾ നിന്നിൽ നിന്ന് ഞാൻ അല്ലാഹുവോട് രക്ഷ തേടുന്നു, നിന്റെ മേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാവട്ടെ എന്ന് ഞാൻ മൂന്ന് പ്രാവശ്യം പറഞ്ഞു. പക്ഷെ അവൻ പിൻവാങ്ങാൻ തയ്യാറായില്ല. അപ്പോൾ ഞാനവനെ പിടികൂടുവാൻ തീരുമാനിച്ചു. സുലൈമാൻ(അ) ന്റെ പ്രാർത്ഥന ഇല്ലായിരുന്നുവെങ്കിൽ അവനെ ഞാൻ ബന്ധിക്കുകയും മദീനയിലെ കുട്ടികൾക്ക് ഒരു നേരമ്പോക്കാക്കി മാറ്റുകയും ചെയ്യുമായിരുന്നു.

മുകളിൽ ഉദ്ധരിച്ച തെളിവുകളും പണ്ഡിതവചനങ്ങളും ഒരു സത്യാന്വേഷിക്ക് യാഥാർത്ഥ്യം മനസ്സിലാക്കുവാൻ പര്യാപ്തങ്ങളാണ്

നമ്മെ അല്ലാഹു സൻമാർഗികളാക്കട്ടെ.

ആമീൻ

اللغة المليبارية

إدارة أوقاف
صالح عبدالعزيز الراجحي

# حكم السحر والكهانة وما يتعلق بهما

باللغة المليبارية

لسماحة الشيخ

عبدالعزيز بن عبدالله بن باز «رحمه الله»

مترجم

فضل الله الأنواري

طبع على نفقة إدارة أوقاف
صالح بن عبدالعزيز الراجحي
غفر الله له ولوالديه ولذريته ولجميع المسلمين
www.rajhiawqaf.org